
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ഡിസംബർ 2001

മാസിക



ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ
മഹത്വവുമായി നീ സകലജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന
നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ.
(വി. ലൂക്കോ. 2:30-31)

എല്ലാ വായനക്കാർക്കും ഹൃദ്യമായ
ക്രിസ്തുമസ്സ്-പുതുവത്സര ആശംകൾ




ST. MARY'S ORTHOX CATHEDRAL
NEW DELHI
GOLDEN JUBILEE - SPECIAL ISSUE

## പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ

## 26-ാം ഓർമ്മപ്പെരുന്നാൾ

8-12-2001



## പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ

*Inserted by*

**മാർ ബസേലിയോസ് ഔഗൻ**

**പബ്ലിക് സ്ക്കൂൾ, കോടനാട്**


# മലങ്കരസഭ

ലക്കം 12, പുസ്തകം 57

ഡിസംബർ 2001





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 322243, (Res)325942

**വൈസ് പ്രസിഡന്റ്**
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488 - 523001

ചീഫ് എഡിറ്റർ
ഫാ.ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481 - 568046

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് *(സഭാ സെക്രട്ടറി)*
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0481 - 462940
e-mail: malankara@sanchamet.in

**സർക്കുലേഷൻ കൺസൾട്ടന്റ്**
ഒ.ജി. തരകൻ
ഫോൺ: 0481 - 572265

**ബിസിനസ്സ് മാനേജർ**
ഫാ. ഷൈജു കുര്യൻ
ഫോൺ: 0473 - 324255



### വരിസംഖ്യ

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റപ്രതി | : | 5 രൂപ |
| ഒരു വർഷം | : | 60 രൂപ |
| 5 വർഷം | : | 300 രൂപ |
| 10 വർഷം | : | 600 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |

*Cover Design: eQuations, Kottayam*


# CONTENTS

# ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**

4 യഥാർത്ഥ സന്തോഷം
- ഫാ. ഡോ. ജേക്കബ് കുര്യൻ

5 സുപ്രീം കോടതി വിധി

**പ്രഭാഷണസഭ**

22 രാഹുവും കേതുവും..........
- ഡോ. ബിജി ആനി തോമസ്

**കവിത**

17 വിശുദ്ധ രാത്രി - ഇ. വൈ. കോശി വെൺമണി

24 സ്നേഹ സ്വാഗതം - രാജു പാമ്പാടി

**നാടകം**

18 നക്ഷത്രം പോയ വഴി - തോമസ് പി. കൊട്ടാരക്കര

**ലേഖനങ്ങൾ**

6 കന്യകയുടെ നിയോഗം
- ജോഷി ബി. ജോൺ മണപ്പള്ളി

8 പ. ഗീവർഗീസ് പ്രഥമൻ ബാവാ- ദൈവ നിറവിന്റെ..........
- ജേക്കബ് മണ്ണുംമൂട്, അമയന്നൂർ

11 വിശ്വാസ പാഠം............
- ഫാ. ഫാ. പി.എം. സഖറിയ, പള്ളിക്കപ്പറമ്പിൽ

21 സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ പങ്ക്.
-എ. കെ. തോമസ്, അമ്പിയിൽ

**സ്ഥിരം പംക്തികൾ**

പഠനവേദി, പ്രതിമാസചിന്തകൾ, വാർത്തകൾ,
ബൈബിൾ പഠനം, ബാലസഭ,



ദേവലോകം, കോട്ടയം – 686 038. ഫോൺ: 0481 – 573234
e-mail: malankara@sancharnet.in

## എഡിറ്റോറിയൽ

# യഥാർത്ഥ സന്തോഷം

### ഫാ. ഡോ. ജേക്കബ് കുര്യൻ

സകല ജനത്തിനും മഹാസന്തോഷം നൽകേണ്ട സദ്വാർത്തയാണ് ക്രിസ്തുവിന്റേത്. പക്ഷേ ഈ സദ്വാർത്തയിൽ സന്തോഷിക്കുന്നവർ എത്ര പേരുണ്ട്? വ്യാപാര നേട്ടങ്ങളുടെ സന്തോഷമൊഴിച്ച്, നൈമിഷിക ആഘോഷത്തിമിർപ്പിന്റെ ആമോദമൊഴിച്ച്, യഥാർത്ഥ സന്തോഷം എവിടെ? ഇവിടെയാണ് യഥാർത്ഥ സന്തോഷത്തിന്റെ അളവുകോൽ എന്ത് എന്ന ചോദ്യത്തിന്റെ പ്രസക്തി. യഥാർത്ഥ സന്തോഷത്തിന്റെ അളവുകോൽതന്നെയാണ് യഥാർത്ഥ സമാധാനത്തിന്റെയും അളവുകോൽ. ബേത്ലഹേമിൽ മാലാഖമാർ പാടിയ പാട്ടിൽ ഈ അളവുകോൽ എന്തെന്ന് പറഞ്ഞിട്ടുണ്ട്. ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം. ദൈവപ്രസാദമുള്ള മനുഷ്യർ ആരാണ്? അവരുടെ രണ്ട് ഗണം പ്രതിനിധികളെ ആദ്യക്രിസ്തു മനസ്സിൽ കാണാം. ഒന്ന്, ഇടയന്മാർ, രണ്ട്, വിജ്ഞാനികളായ സന്ദർശകർ. ഇടയന്മാരുടെ ദാരിദ്ര്യവും പരുപരുത്ത ജീവിത സാഹചരവും അവരെ ദൈവപ്രസാദത്തിന് അർഹരാക്കി. വിജ്ഞാനികളായ സന്ദർശകരുടെ നിഷ്കളങ്കമായ അന്വേഷണം അവരെ ദൈവപ്രസാദത്തിനർഹരാക്കി. രണ്ടു കൂട്ടരിലും ദിവ്യശിശുവിനെ ദർശിക്കുവാനുള്ള ദാഹം വളരെ വ്യക്തമാണ്. ചുരുക്കത്തിൽ, ദൈവപ്രസാദത്തിന്റെ താക്കോൽ ദൈവത്തിനായുള്ള ദാഹമാണ്. കാര്യം കാണുവാനോ, പേരെടുക്കുവാനോ ഉള്ള ദാഹത്തിനു പകരം ജീവനുള്ള ദൈവത്തിനായി കാംക്ഷിക്കുന്ന ദാഹം എവിടെയുണ്ടോ അവിടെ ദൈവം സ്വയം സന്നിഹിതനായിരിക്കുന്നുവെന്ന സത്യമാണ് അമ്മാനുവേൽ (ദൈവം നമ്മോടുകൂടെ) വെളിപ്പെടുത്തുന്നത്.

അപ്പത്തിനും വെള്ളത്തിനും, വസ്ത്രത്തിനും, പാർപ്പിടത്തിനും, തൊഴിലിനും വേണ്ടിയുള്ള ദാഹത്തെക്കാളുപരിയായ് ഒരു ദാഹം ദൈവത്തിനായി തോന്നുന്ന അവസ്ഥയിലേ യഥാർത്ഥ സന്തോഷവും സമാധാനവും അനുഭവിക്കുവാൻ തുടങ്ങു. യുദ്ധവും, ക്ഷാമവും, പ്രകൃതി ദുരന്തങ്ങളും, നിരപരാധികളും നിഷ്കളങ്കരുമായവരുടെമേൽ ഏല്പിക്കുന്ന ദുരിതങ്ങൾക്കിടയിലും ക്രിസ്തുമസിന്റെ പ്രസക്തി മേല്പറഞ്ഞ സമാധാന ദാഹത്തിന്റെ പശ്ചാത്തലത്തിലാണ്. ജീവിതത്തിന്റെ ഇഴകൾ അകന്നും മുറിഞ്ഞുമിരിക്കുന്ന സാഹചര്യങ്ങളുടെ പ്രതീകമായ കീറ്റുശീലയിൽ കിടക്കുന്ന ദൈവപുത്രൻ നമുക്കു പുതിയ പ്രതീക്ഷ നൽകുന്നു. ആ ദൈവപുത്രനെ കണ്ടുകഴിഞ്ഞപ്പോൾ, വഴിമാറി മടങ്ങിപ്പോയ വിജ്ഞാനികളുടെ വിവേകം നമ്മുടെ ലോക നേതാക്കൾക്കുണ്ടാകട്ടെ. അനുഗ്രഹത്തിന്റെ ദൈവദർശനവും നിത്യമായ സമാധാനവും ക്രിസ്തുമസ് നമുക്കു നൽകട്ടെ.

"മലങ്കരസഭ" വായനക്കാർക്കെല്ലാം ഹൃദയം നിറഞ്ഞ ക്രിസ്തുമസ് നവവത്സരാശംസകൾ.

---

# ഒരു തിരുത്ത്

### ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത

നവംബർ ലക്കം "മലങ്കരസഭ" മാസികയിൽ ഒക്ടോബർ 23-ാം തീയതി നടന്ന മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയെ പരാമർശിച്ചിട്ടുള്ള വാർത്ത പ്രസിദ്ധീകരിച്ചത് അല്പം തെറ്റിദ്ധാരണാജനകമായതിനാലാണ് ഈ കുറിപ്പ് എഴുതുന്നത്. പ്രസ്തുത കമ്മറ്റിയിൽ മെത്രാപ്പോലീത്തന്മാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ഒരു പ്രമേയം ചർച്ചയ്ക്കു വന്നു. തന്റെ അസാന്നിദ്ധ്യത്തിൽ ആ പ്രമേയത്തോടുള്ള "വിയോജനക്കുറിപ്പ്" രേഖപ്പെടുത്തി അഭി. പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ സഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തത് സുന്നഹദോസ് സെക്രട്ടറിയായ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത പ. കാതോലിക്കാബാവായുടെ നിർദ്ദേശപ്രകാരം വായിച്ചു. തുടർന്നുള്ള ചർച്ചയിൽ പ്രമേയത്തെ അനുകൂലിച്ചും പ്രതികൂലിച്ചും പല അംഗങ്ങൾ സംസാരിച്ചു. വിയോജനക്കുറിപ്പിനെ അനുകൂലിച്ച് ഞാനും സംസാരിച്ചു. ഇങ്ങനെയുള്ള പ്രധാനപ്പെട്ട വിഷയങ്ങൾ ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ലാഘവബുദ്ധിയോടെ കൈ പൊക്കിയോ കൈ അടിച്ചോ പാസ്സാക്കുവാനുള്ളതല്ലെന്നും നിയോഗിക്കപ്പെട്ട ഒരു കമ്മറ്റിയുടെ ആഴമായ പഠനത്തിനു ശേഷം അവരുടെ ശുപാർശകൾ വേണ്ട വിധത്തിൽ ചർച്ച ചെയ്തുമാത്രം അംഗീകരിക്കേണ്ടതാണെന്നും ഞാൻ നിർദ്ദേശിച്ചു. ഇതര ഓർത്തഡോക്സ് സഭകളുടെ, പ്രത്യേകിച്ച് ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിന്റെ പാരമ്പര്യം സൂക്ഷ്മമായി പഠിക്കണം. സ്ഥലംമാറ്റം മാത്രമല്ല, റിട്ടയർമെന്റിനെപ്പറ്റിയും പഠിക്കേണ്ടതാണ് എന്നു ഞാൻ അഭിപ്രായപ്പെട്ടു. സഭ ആകമാനാടിസ്ഥാനത്തിൽ വൈദികരുടെ സ്ഥലംമാറ്റം നടക്കുന്ന സാഹചര്യത്തിൽ മാത്രമേ മെത്രാപ്പോലീത്തന്മാരുടെ സ്ഥലം മാറ്റത്തിനു പ്രസക്തിയുള്ളുവെന്ന് അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ കൂട്ടിച്ചേർത്തു.

** മുൻ അസോസിയേഷൻ സെക്രട്ടറി ശ്രീ. പോൾ മത്തായിയുടെയും പത്രാധിപർക്കുള്ള എഴുത്തിൽ ഇതേ വിശദീകരണത്തോട് യോജിപ്പു പ്രകടിപ്പിച്ചിട്ടുണ്ട്.*

*-പത്രാധിപർ.*



## സഭാക്കേസിൽ 28-11-2001-ൽ ബഹു. സുപ്രീം കോടതിയിൽ നിന്നുണ്ടായ ഉത്തരവിന്റെ പൂർണ്ണരൂപം

**IN THE SUPREME COURT OF INDIA**

**CIVIL APPELLATE JURISDICTION**

**CIVIL APPEAL NO. OF 2001**

**(Arising out of S.L.P. (c) No.7593/2001)**

Moran Mar Thoma Mathews ........ Appellant

Versus

Most. Rev. Thomas Mar D. Metropolitan & Ors.

...Respondents

# ORDER

Leave granted.

This appeal arises from the judgement of the Kerala High Court which had disposed of an application under Order LXV rule 15 of C.P.C. filed by the respondents for the transmission of the decree of this Court in Most Rev. P.M.A. Metropolitan & Ors. Vs. Moran Mar Marthoma & Anr. (1995 Suppl. (4) SCC 286) for execution. In the impugned judgment, the Court did not go into the dispute as to whether the said decree had been complied with by the calling of election, as had been claimed by the applellant herein. The Court, however, came to the conclusion that the appellant herein had not been elected as the Malankara Metropolitan. This finding of high Court is contested by the appellant in this appeal.

Both the parties belong to Marthoma Syrian Orthodox Church. Apparently there are two factions in this and there has been an effort made by this Court to see that there is unity and reconciliation amongst them.

This is quite evident from the following passage in the aforesaid judgment of Hon'ble Jeevan Reddy J. (Retd. Judge of this Court):-

"159 We hope that the unity and integrity of the Malankara Church will be maintained and continued by the above arrangement which is wholly consistent with and indeed in furtherance of the objectives underlying the Mulanthuruthy Synod resolutions. Elections to the Malankara Association shall have to be held periodically so as to keep its representative character alive and effective."

We have heard the counsel for the parties at length and are glad to know that there is a sincere effort by both sides to see that the disputes are amicably settled. A compromise formula has been agreed to between the parties which would envisage an election of the Malankara Association, which was the direction issued by this Court in the aforesaid decision, read with the subsequent orders of this Court reported as 1996 (8) SCC 470 and 1997 (10) SCC 614. It would be, in our opinion, appropriate to direct the execution of the decree passed by this Court rather than to decide whether the decree stands complied with or is to be executed by the trial court. This is a suggestion which has been accepted by the parties.

With the consent of the parties, we give the following directions:-

(i) The impugned judgment of the Kerala High Court dated 6th April, 2001 passed in C.M.P. No. 2079/1997 in A.S. No. 331/1980 is set aside;

(ii) Notwithstanding the withdrawal of the interim applications which were filed in this Court previously, fresh elections to the Malankara Association will be held and no court other than this Court will entertain any suit, application or interfere with the elections or the election process or results at any stage.

(iii) Fresh elections shall be called by Moran Mar Baselius Marthoma Mathews-II by issuing necessary Kalpanas to Parishes and the Malankara Association will be convened under Article 74 of the 1934 Consitituion, as amended.

Both the parties desire that an observer should be appointed to ensure free and fair elections. Mr. Justice V.S. Malimath (Retired Chief Justice of the Kerala High Court) may be requested to accept Office of Observer and to oversee that the elections so called are held in a free and fair manner. In this connection, he will be at liberty to give such advice as he may think necessary for ensuring the execution of this Court's decree.

(iv) If the Malankara Association when convened, decides by majority that Moran Mar Baselius Marthoma Mathews-II is not the Malankara Metropolitan third respondent will Voluntarily resign his office as Malankara Metropolitan. If the Malankara Association when convened decides by majority that he is the Malankara Metropolitan, all parties will accept the decision as final and binding, i.e. this decision will not be subject to challenge in any Court or other forum.

(v) Time-schedule for elections and thereafter for convening the Malankara Association will be worked out in accordance with past pracitice and procedure by the third respondent in consultation with the Observer.

(vi) Each of the two parties will deposit initially a sum of Rs. 50,000/- with the Registrar of this Court towards the cost, expenses and the remuneration of the Observer. Copy of this order be sent by the Registrar (Judl.) to Mr. Justice V.S. Malimath with the request that he may kindly convey his acceptance at an early date.

The exercise of conducting elections and thereby executing this Court's decree should be completed on or before 31st March, 2002. The Observer is requested to submit a report to this Court on the conduct of the election and the execution of the decree within a fortnight thereafter. The appeal be listed for further direction and for recording the satisfaction of the decree on 15th April 2002.

New Delhi,
November 28, 2001

(Sd/-) (B.N. KIRPAL)
(Sd/-) K.G. Balakrishnan

മലയാള പരിഭാഷ 6-ാം പേജിൽ

# സഭാക്കേസിൽ 28.11.2001 ൽ ബഹു. സുപ്രീം കോടതിയിൽ നിന്നുണ്ടായ ഉത്തരവിന്റെ പൂർണ രൂപം

(സ്വതന്ത്ര പരിഭാഷ)


**Civil Appeal No. of 2001**
**(Arising of S.L.P. (c) No. 7593/2001)**

വാദി: മോറാൻ മാർതോമ്മാ മാത്യൂസ്......

എതിർകക്ഷി: റവ. തോമസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മറ്റുള്ളവരും.

## ഉത്തരവ്

മോസ്റ്റ് റവ. പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ മുതൽ പേർ മോറാൻ മാർ മാർത്തോമ്മാ മുതൽ പേർക്കെതിരെയുള്ള കേസിൽ ഈ കോടതിയുടെ ഡിക്രി (1995 Suppl 4) SCC 286) നടത്തിപ്പിനായി എതിർകക്ഷികൾ കേരള ഹൈക്കോടതിയിൽ കൊടുത്ത അപേക്ഷാ തീർപ്പിൻമേലുള്ള അപ്പീലാണിത്. എതിർവാദത്തിന് ആസ്പദമായ വിധിയിൽ, കോടതി ഈ കേസിലെ വാദിയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുവാനുള്ള അവകാശത്തെ സംബന്ധിച്ചുള്ള ഡിക്രി അനുവാദത്തിന്റെ വ്യവഹാരത്തിലേക്ക് പ്രവേശിച്ചിട്ടില്ല. എന്നിരുന്നാലും, ഈ കേസിലെ വാദിയെ മലങ്കര മെത്രാപ്പോലീത്തായായിട്ട് തെരഞ്ഞെടുത്തിട്ടില്ല എന്ന നിഗമനത്തിൽ കോടതിയെത്തി. ഹൈക്കോടതിയുടെ ഈ കണ്ടെത്തലിനെയാണ് ഈ അപ്പീലിൽ വാദി ചോദ്യം ചെയ്യുന്നത്.



### ദൈവം നൽകിയ സമ്മാനം — പ. കാതോലിക്കാ ബാവാ

*"ഇപ്പോൾ കിട്ടിയ കോടതി വിധി ദൈവം നമുക്കു നൽകിയ സമ്മാനമാണ്. ദൈവം നമ്മോടു കൃപ ചെയ്തു. സമാധാന കാംക്ഷികൾക്ക് ഇതു സുവർണ്ണാവസരം. ഈ വിജയത്തിൽ ആഡംബരങ്ങൾ ഒഴിവാക്കി കൂടുതൽ വിനയപ്പെട്ട് പ്രാർത്ഥനയുള്ളവരാകണം. വർഷങ്ങളായുള്ള കേസ് നമ്മുടെ സമയവും, പണവും, സമാധാനവും നശിപ്പിക്കുകയായിരുന്നു. ഇപ്പോൾ കോടതിവിധിയിലൂടെ അതെല്ലാം കരഗതമാക്കുവാനുള്ള അവസരമാണ്. നീതിപൂർണ്ണമായ ഒരു തിരഞ്ഞെടുപ്പ് നടത്തുവാൻ നാം ഉദ്യമിക്കുകയാണ്.*

*മാർത്തോമാ ശ്ലീഹായുടെ സിംഹാസനവും മലങ്കര മെത്രാപ്പോലീത്തായുടെ അധികാരവും അവകാശവും നാം ആരുടേയും മുമ്പിൽ പണയപ്പെടുത്തേണ്ടതില്ല. ദൈവം നമ്മോടു കൃപചെയ്തു."*

രണ്ട് കക്ഷികളും മാർത്തോമ്മാ പൈതൃകമുള്ള സുറിയാനി ഓർത്തഡോക്സു സഭയിലുൾപ്പെട്ടവരാണ്. രണ്ടു വിഭാഗങ്ങളായി നിൽക്കുന്ന ഇവരിൽ ഐക്യവും അനുരഞ്ജനവും ഉണ്ടായിരിക്കുവാനുള്ള ശ്രമവും ഈ കോടതിയിൽ നിന്നുണ്ടായിട്ടുണ്ട്.

ഇത് ഈ കോടതിയുടെ മുൻ ജഡ്ജി ബഹുമാന്യനായ ജീവൻ റെഡ്ഡിയുടെ വിധിയിൽ നിന്ന് താഴെക്കൊടുത്തിരിക്കുന്ന ഭാഗത്തു വളരെ വ്യക്തമാണ്.

"159. മുളന്തുരുത്തി സുന്നഹദോസിന്റെ തീരുമാനങ്ങളുടെ ലക്ഷ്യങ്ങളോട് പൂർണ്ണമായി യോജിക്കുന്നതും അതിന്റെ തുടർച്ചയും ആയിരിക്കത്തവിധത്തിൽ മലങ്കര സഭയുടെ ഐക്യവും സമഗ്രതയും കാത്തു സൂക്ഷിക്കുകയും തുടരുകയും ചെയ്യുവാൻ മേല്പറഞ്ഞ ക്രമീകരണത്താൽ സാധിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. പ്രാതിനിധ്യ സ്വഭാവം സജീവവും കാര്യക്ഷമവുമാക്കുന്നതിന് മലങ്കര അസോസ്യേഷനിലേക്കുള്ള തെരഞ്ഞെടുപ്പുകൾ യഥാവേളകളിൽ നടത്തപ്പെടേണ്ടിയിരിക്കുന്നു".

കക്ഷികളുടെ അഭിഭാഷകരെ ഞങ്ങൾ വിശദമായി കേൾക്കുകയും, പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുവാൻ ഇരുകക്ഷികളും ശ്രമം നടത്തുന്നുണ്ടെന്ന്. അറിയുവാനും കഴിഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. രണ്ട് കക്ഷികൾക്കും സ്വീകാര്യമായ ഒരു ഒത്തുതീർപ്പ് പദ്ധതിയെ സംബന്ധിച്ചു ധാരണയായിട്ടുണ്ട്. അതനുസരിച്ച് മലങ്കര അസോസ്യേഷനിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത് വിഭാവന ചെയ്യണം. ഇതായിരുന്നു മേൽപ്രസ്ഥാവിച്ച (സുപ്രീംകോടതി) തീരുമാനത്തിലും അനന്തരവിധികളിലും നൽകിയിരുന്ന നിർദ്ദേശവും (1996 (8) SCC 170 and 1997 (10) SCC 614). ഡിക്രി നടത്തുവാനുള്ള നിർദ്ദേശം നൽകുകയാണ് ഞങ്ങളുടെ അഭിപ്രായത്തിൽ ഇവിടെ യുക്തമായിരിക്കുന്നത്. ഈ നിർദ്ദേശത്തെ ഇരുകൂട്ടരും സ്വീകരിച്ചിട്ടുമുണ്ട്. കക്ഷികളുടെ സമ്മതത്തോടെ ഞങ്ങൾ താഴെ പ്പറയുന്ന ആജ്ഞാപനം നൽകുന്നു:

1) എതിർവാദത്തിനാസ്പദമായ കേരള ഹൈക്കോടതി വിധി (CMP No 2079/1997 in As. No. 331/1980, dated 6th April 2001) അസ്ഥിരപ്പെടുത്തുന്നു.

2) മലങ്കര അസോസിയേഷനിലേക്ക് പുതുതായി തെരഞ്ഞെടുപ്പു നടത്തണം. ഈ നടപടിയുമായി ബന്ധപ്പെട്ട് ഈ കോടതിയെയല്ലാതെ മറ്റൊരു കോടതിയെയും സമീപിച്ചു കൂടാത്തതാകുന്നു.

3) മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ 1934 ലെ ഭരണഘടനയുടെ 74–ാം വകുപ്പ് അനുസരിച്ച്, ആവശ്യമായ കല്പനകൾ മുഖാന്തിരം തെരഞ്ഞെടുപ്പു നടത്തുകയും അസോസിയേഷൻ വിളിച്ചുകൂട്ടുകയും ചെയ്യേണ്ടതാണ്.

സ്വതന്ത്രവും നീതിപൂർവ്വവുമായ തെരെഞ്ഞെടുപ്പിന് ഇരുകക്ഷികളും ഒരു നിരീക്ഷകനെ ആവശ്യപ്പെടുന്നതിനാൽ, മേൽക്കാര്യത്തിനായി നിരീക്ഷകനായിരിപ്പാൻ മി. ജസ്റ്റീസ് വി.എസ്. മളീമഠിനോട് ആവശ്യപ്പെടേണ്ടതാണ് (കേരള ഹൈക്കോടതിയിലെ റിട്ട. ചീഫ് ജസ്റ്റിസ്). ഈ കോടതിയുടെ ഡിക്രി നടത്തുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുവാൻ അദ്ദേഹത്തിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

4) ഇങ്ങനെ വിളിച്ചുകൂട്ടപ്പെടുന്ന മലങ്കര അസോസ്യേഷൻ, ഭൂരിപക്ഷ തീരുമാനത്താൽ മോറാൻ മാർബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയനെ മലങ്കര മെത്രാപ്പോലീത്താ അല്ലെന്നു തീരുമാനിച്ചാൽ, ഈ കേസ് വാദിയായ അദ്ദേഹം സ്വമേധയാ തന്റെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം രാജിവയ്ക്കും. ഭൂരിപക്ഷം, അദ്ദേഹത്തെ മലങ്കരമെത്രാപ്പോലീത്തായായി തീരുമാനിച്ചാൽ എല്ലാ വിഭാഗക്കാരും അംഗീകരിക്കും, അത് അന്തിമവും എല്ലാവർക്കും ബാധകവും ആയിരിക്കും. ഈ തീരുമാനം കോടതിയിലോ മറ്റു രൂപത്തിലോ ചോദ്യം ചെയ്യപ്പെടാവുന്നതല്ലായിരിക്കും.

5) തെരഞ്ഞെടുപ്പുകൾക്കും, അതിനുശേഷം മലങ്കര അസോസ്യേഷൻ വിളിച്ചുകൂട്ടുന്നതിനും ഉള്ള കാലസമയക്രമം, മുൻനടപടികളും നടപടിചട്ടങ്ങളും അനുസരിച്ച്, മൂന്നാം എതിർകക്ഷി (ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ) നിരീക്ഷകനുമായി ആലോചിച്ച് ചെയ്യേണ്ടതാണ്.

6) രണ്ടു വിഭാഗവും പ്രാരംഭമായി 50000 രൂപ വീതം ഈ കോടതി രജിസ്ട്രാറുടെ അടുക്കൽ നിരീക്ഷകന്റെ പ്രതിഫലവും മറ്റുചെലവുകൾക്കുമായി കെട്ടിവയ്ക്കണം.

ഈ ഉത്തരവിന്റ കോപ്പി, മി. ജസ്റ്റീസ് വി. എസ്. മളിമഠിന് രജിസ്ട്രാർ അയച്ചു കൊടുക്കുകയും അദ്ദേഹം ഇത് സമ്മതിച്ചതായി കഴിയുന്നിടത്തോളം നേരത്തെ അറിയിക്കണമെന്നു താല്പര്യപ്പെടുകയും വേണം.

2002 മാർച്ച് 31–ന് മുമ്പായി തെരഞ്ഞെടുപ്പുകളും ഡിക്രി നടപ്പാക്കലും പൂർത്തിയാക്കേണ്ടതാണ്. തെരഞ്ഞെടുപ്പു നടപടിയെക്കുറിച്ചും, ഡിക്രി നടപ്പാക്കലിനെക്കുറിച്ചും നിരീക്ഷകൻ അതിനുശേഷം പതിനഞ്ചു ദിവസത്തിനകം ഒരു റിപ്പോർട്ട് ഈ കോടതിക്ക് നൽകണം. ഈ അപ്പീൽ സംബന്ധമായി മേൽനടപടികളെ സംബന്ധിച്ചും, ഡിക്രീ നടപ്പാക്കൽ പ്രക്രിയയുടെ പൂർത്തീകരണം രേഖപ്പെടുത്തുന്നതിനുമായി, 2002 ഏപ്രിൽ 15നുള്ള പട്ടികയിൽപ്പെടുത്തിയിരിക്കുന്നു.

ഒപ്പ്. ബി.എൻ. കൃപാൽ
ഒപ്പ്. കെ.ജി. ബാലകൃഷ്ണൻ

ന്യൂഡൽഹി
നവം. 28, 2001

*(മലങ്കരസഭ മാസിക വായനക്കാരുടെ അറിവിനുവേണ്ടി പ്രസിദ്ധീകരിക്കുന്നത്).*


ചലച്ചിത്ര പിന്നണി ഗായകൻ അലക്സ് കെ.പോൾ നയിക്കുന്ന

സെന്റ് മാത്യൂസ് ഓർക്കസ്ട്ര
സെന്റ് മാത്യൂസ് ഗോസ്പൽ ടീം

Our Programms:- ബുക്കിംഗിന് ബന്ധപ്പെടുക

ഭക്തിഗാനമേള, വെഡ്ഡിംഗ് ക്വയർ പ്രോഗ്രാം, പ്രഗദ്ഭരായ വൈദിക പ്രാസംഗികർ നേതൃത്വം നൽകുന്ന വചനപ്രഘോഷണ സംഗീത വിരുന്ന്, ഫ്യൂണറൽ ക്വയർ

Alex.K. Paul
Kuttikattil House,
Kizhavalloor P.O.,Konni,
Pathanamthitta, Kerala, India.
Ph : 0473 - 343385, Mob: 9847111439
e-mail : alexkpaul@hotmail.com



Our Cassettes:- പ്രാർത്ഥനാപൂക്കൾ, ആശ്രയം :
ചലച്ചിത്രസംവിധായകൻ തമ്പികണ്ണന്താനം നിർമ്മിച്ച് അലക്സ് കെ. പോൾ രചനയും സംഗീതവുമേകിയ പ്രാർത്ഥനാപൂക്കൾ എന്ന കാസറ്റിലെ "പ്രാർത്ഥനാ ഗാനം ഞങ്ങൾപാടാം... പാവനമാം ആലയത്തിന്നുള്ളിൽ..." എന്ന ഗാനം ക്രൈസ്തവ ദേവാലയങ്ങളിൽ ആരാധനാരംഭത്തിൽ ആലപിക്കുന്നു എന്നതിൽ സർവ്വശക്തനായ ദൈവത്തെ നന്ദിയോടെ സ്തുതിക്കുന്നു.

Releasing Soon.......
പ്രാർത്ഥനാപൂക്കൾ രണ്ടാം ഭാഗം
നിർമ്മാണം : തമ്പികണ്ണന്താനം.
രചന, സംഗീതം : അലക്സ് കെ. പോൾ,
ഗായകർ : ജയചന്ദ്രൻ, വിജയ് യേശുദാസ്, എം. ജി. ശ്രീകുമാർ, അലക്സ് കെ. പോൾ, ഫകസ്റ്റർ, മാർക്കോസ്, ബിജു നാരായണൻ, സുജാത, രാധികാ തിലക്, സ്വർണ്ണലത.

Dsgn: Siju.g.nath 354475

# ப. ഗീവർഗീസ് പ്രഥമൻ ബാവാ - ദൈവനിറവിന്റെ സൂര്യതേജസ്സ്



*ജേക്കബ് മണ്ണുംമൂട്, അമയന്നൂർ*

സ്വയം പ്രകാശിക്കുകയും മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്യുക എന്ന സൂര്യധർമ്മം സ്വജീവിതത്തിലൂടെ നിറവേറ്റിയ താപസവര്യനായിരുന്നു പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ തിരുമേനി. കക്ഷി വഴക്കിന്റെ അന്ധകാരത്താൽ മലങ്കര സുറിയാനി സഭ ആവൃതമായിരുന്ന ഒരു കാലഘട്ടത്തിൽ ആത്മീയതയുടെ സൂര്യതേജസ്സായി അദ്ദേഹം പരിലസിച്ചു. ഏതെങ്കിലും ഒരു കക്ഷിയുടെ നേതാവ് എന്ന നിലയിലല്ല പ. ബാവ ജനമനസുകളിൽ സ്ഥാനം പിടിച്ചത്. ക്രൈസ്തവ ആത്മീയതയുടെ മൂർത്ത രൂപമായി സാമൂഹിക പരിഷ്കരണത്തിന്റെ നിത്യസാന്നിദ്ധ്യമായി കരുണയുടെ വിശുദ്ധ സ്പർശമായി ആയിരങ്ങളുടെ ഹൃദയത്തിൽ അദ്ദേഹം ഇന്നും നിറഞ്ഞു നിൽക്കുന്നു. ക്രൈസ്തവ ആത്മീയതയ്ക്ക് ത്യാഗത്തിന്റേയും സാമൂഹിക പ്രതിജ്ഞാബദ്ധതയുടേയും വർണ്ണരാജി നൽകിയ പ. ബാവ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. 2001 ഡിസം. 17-നു 73 വർഷം തികയുകയാണ്.

> *പ. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രാർത്ഥനാജീവിതവും കടവിൽ തിരുമേനിയുടെ നേതൃപാടവും കളപ്പുരയ്ക്കലച്ചന്റെ സഭാസ്നേഹവും ഗീവർഗീസ് റമ്പാന്റെ ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളായിരുന്നു*

### ആത്മരേഖ

വാകത്താനം വള്ളിക്കാട്ട് കാരുചിറ വീട്ടിൽ പുന്നച്ചന്റേയും ഉണിയമ്മയുടെയും പുത്രനായി 1876 ജനുവരി 13-നു ജനിച്ച ഗീവർഗീസ് മലങ്കര സഭയുടെ ദ്വിതീയ കാതോലിക്കായായി ഉയർന്നത് ദൈവീക നിയോഗമായിരുന്നുവെന്നത് പിൽക്കാല ചരിത്രം. സ്വഭവനത്തിലെ പ്രാർത്ഥനാനുഭവും മാതൃ ഇടവകയായ വാകത്താനം വലിയപള്ളിയിലെ ആദ്ധ്യാത്മികാന്തരീക്ഷവും സമന്വയിച്ച ഭൂമികയിലായിരുന്നു ഗീവർഗീസിന്റെ ബാല്യം. ബാലാരിഷ്ടതയുടേയും രോഗപീഡയുടേയും വേദന നിറഞ്ഞ ബാല്യകാലത്ത് പ്രാർത്ഥനയും ഉപവാസവും ബാലനായ ഗീവർഗീസിന്റെ സ്വാന്തന മന്ത്രമായി. ജൻമ നാട്ടിലെ വിദ്യാഭ്യാസ സൗകര്യങ്ങളുടെ അഭാവം നിമിത്തം കോട്ടയത്തുള്ള പടിഞ്ഞാറേക്കര ബന്ധു വീട്ടിൽ താമസിച്ചാണ് അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. കുടുംബാംഗമായ കളപ്പുരയ്ക്കൽ പൗലൂസ് കത്തനാരുടെ ആദ്ധ്യാത്മിക ജീവിതം ഗീവർഗീസിനെ പ്രചോദിപ്പിച്ചു. വൈദീകനാകണമെന്നുള്ള ഗീവർഗീസിന്റെ ആഗ്രഹം, അന്ന് ഇടവക സന്ദർശനാർത്ഥം വാകത്താനം വലിയ പള്ളിയിൽ എഴുന്നള്ളിയിരുന്ന കടവിൽ പൗലൂസ് മാർ അത്താനാസിയോസ് തിരുമേനിയെ കളപ്പുരയ്ക്കൽഅച്ചൻ അറിയിച്ചു. തിരുമേനിയുടെ നിർദ്ദേശാനുസരണം ഗീവർഗീസ് സുറിയാനി പഠനം ആരംഭിച്ചു. സുറിയാനിപഠനത്തോടൊപ്പം തന്നെ, ആരാധനയുടേയും, പൗരസ്ത്യവേദശാസ്ത്രത്തിന്റെയും ആദിപാഠങ്ങൾ കളപ്പുരയ്ക്കലച്ചൻ ഗീവർഗീസിനെ അഭ്യസിപ്പിച്ചു. 1061 മിഥുനം 1-ാം തീയതി പെന്തിക്കോസ്തി ഞായറാഴ്ച, ആഭിവന്ദ്യ അത്താനാസിയോസ് തിരുമേനി ഗീവർഗീസിന്, കോറൂയോ പട്ടം നൽകി. തുടർന്നുള്ള ഒരു ദശാബ്ദക്കാലം, ഗീവർഗീസ് ശെമ്മാശന്റെ ജീവിതത്തെ മാറ്റിമറിച്ച ഒരു കാലഘട്ടമായിരുന്നുവെന്നു പറയാം. മല്പാൻ ഭവനങ്ങളിൽ നിന്ന് പഴയ സെമിനാരിയുടെ മണ്ണിലേക്ക് വൈദീക വിദ്യാഭ്യാസം പറിച്ചു മാറ്റിയിട്ട് ഏറക്കാലമായിരുന്നില്ല. എങ്കിലും പ്രഗത്ഭരായ മല്പാൻമാരുടെ സാന്നിദ്ധ്യം കൊണ്ട് പഴയ സെമിനാരി ഏറെ പ്രസിദ്ധമായിക്കഴിഞ്ഞിരുന്നു. മലങ്കര സഭയുടെ എക്കാലത്തേയും വലിയ മല്പാൻമാരായ കോനാട്ട് മാത്തൻ മല്പാന്റേയും വട്ടശ്ശേരിൽ ഗീവർഗീസ് മല്പാന്റേയും ശിക്ഷണത്തിൽ ഗീവർഗീസ് ശെമ്മാശൻ പൗരസ്ത്യ ക്രൈസ്തവ വിജ്ഞാനീയത്തിന്റേയും, ആരാധനാ സാഹിത്യത്തിന്റേയും സഭാചരിത്രത്തിന്റേയും അന്തഃസത്ത സ്വായത്തമാക്കി. ഏവൻഗേല്യോൻ, ആണ്ടുതക്സ, ആനീദാ, തുടങ്ങിയ ആരാധന ക്രമങ്ങൾ സുറിയാനിയിൽ നിന്ന് മലായാളത്തിലേക്ക് വിവർത്തനം ചെയ്യുവാൻ ഗീവർഗീസ് ശെമ്മാശ്ശനു ഭാഗ്യമുണ്ടായി. പൗരസ്ത്യാരാധനയുടെ ആത്മീകാനുഭൂതിയും ക്രമീകൃത സംവിധാനവും അടുത്തറിയുവാൻ ഈ വിവർത്തന പ്രക്രിയ അദ്ദേഹത്തെ സഹായിച്ചു. അസാധാരണമായ ബുദ്ധിസാമർത്ഥ്യവും ആരാധന ക്രമങ്ങളിലുള്ള അവഗാഹവും നേരിട്ടു മനസിലാക്കിയ കടവിൽ പൗലൂസ് മാർ അത്താനാസിയോസ് തിരുമേനി ശെമ്മാശനെ തന്റെ സെക്രട്ടറിയായി നിയമിച്ചു. അങ്കമാലി-കോട്ടയം ഭദ്രാസനാധിപനായിരുന്ന തിരുമേനിയോടൊപ്പം ഗീവർഗീസ് ശെമ്മാശൻ വടക്കും തെക്കുമുള്ള പ്രസിദ്ധമായ പള്ളികളും, പ്രശസ്തരായ വ്യക്തികളേയും പരിചയപ്പെട്ടു. പ്രാദേശിക അതിർവരമ്പുകൾക്കപ്പുറത്ത്, തെക്ക് -വടക്ക് ചിന്താഗതികൾക്കതീതമായി സഭാമാതാവിനെ ഒന്നായി ദർശിക്കുവാൻ ഈ യാത്രകളും പരിചയപ്പെടലുകളും ഉപയുക്തമായി. കോട്ടയം കുറിച്ചി വലിയ പള്ളിയിൽ കല്ലാശ്ശേരിൽ പുന്നൂസ് ശെമ്മാശനുമായി സൗഹൃദത്തിലായി. ഈ സൗഹൃദം മലങ്കരസഭയുടെ ഭാഗധേയത്തെ സ്വാധീനിച്ചു എന്നുള്ളത് മറ്റൊരു നിയോഗം. പള്ളം സി.എം.എസ്. ഹൈസ്ക്കൂളിൽ നിന്ന് ഇംഗ്ലീഷ് പഠനം പൂർത്തിയാക്കിയ ഗീവർഗീസ് ശെമ്മാശന് 1886 ഓഗസ്റ്റ് 16-ാം തീയതി കശ്ശീശ്ശാസ്ഥാനവും ഓഗസ്റ്റ് 23-ന് റമ്പാൻ സ്ഥാനവും മാർ അത്താനാസിയോസ് തിരുമേനി നൽകി. വേദശാസ്ത്ര പാണ്ഡിത്യവും ഭക്തജീവിതവും ആരാധനാനുഷ്ഠാനങ്ങളിലുള്ള നൈപുണ്യവും റമ്പാച്ചനെ സഭയാകമാനം പ്രസിദ്ധനാക്കി. പ. പരുമല തിരുമേനി, പൗലൂസ് മാർ അത്താനാസിയോസ് തിരുമേനി, കളപ്പുരയ്ക്കൽ ഗീവർഗീസ് കത്തനാർ എന്നീ മൂന്നു ആത്മീയ ഗുരുക്കന്മാരുടെ വേർപാട് സംഭവിച്ചതു ഇക്കാലഘട്ടത്തിലാണ്. ഇവരുടെ സ്വാധീനമാണ് അദ്ദേഹത്തെ സഭാശുശ്രൂഷക്കായി സ്ഫുടപാകം ചെയ്തത്. പ. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രാർത്ഥനാജീവിതവും കടവിൽ തിരുമേനിയുടെ നേതൃപാടവും കളപ്പുരയ്ക്കലച്ചന്റെ സഭാസ്നേഹവും ഗീവർഗീസ് റമ്പാന്റെ ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളായിരുന്നു. കാതോലിക്കേറ്റിന്റെ സുസ്ഥിരതയും നിലനില്പിനും മെത്രാൻമാർ ആവശ്യമാണെന്നു മനസിലാക്കിയ സഭാനേതൃത്വം വള്ളിക്കാട്ട് ഗീവർഗീസ് റമ്പാനേയും യുയാക്കീം റമ്പാനേയും മേല്പട്ട സ്ഥാനത്തേക്ക് ഉയർത്തുവാൻ തീരുമാനിച്ചു. മലങ്കരയിൽ കാതോലിക്കേറ്റ് പുനഃസ്ഥാപനാർത്ഥം എത്തിയിരുന്ന പ. അബ്ദൽ മശിഹാ പാത്രിയർക്കീസ്, പൗരസ്ത്യ കാതോലിക്കാ പ. ബസേലിയോസ് പൗലൂസ് പ്രഥമൻ, കല്ലാശ്ശേരിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്നിവരുടെ സഹകരണത്തിൽ 1913 ഫെബ്രുവരി 9 ഞായറാഴ്ച ചെങ്ങന്നൂർ. പഴയ സുറിയാനി പള്ളിയിൽ വെച്ചു ഗീവർഗീസ് മാർ പീലക്സീനോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. കോട്ടയം അങ്കമാലി ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ ആയി ആണു അദ്ദേഹം നിയമിതനായത് ഭദ്രാസനാധിപൻ എന്ന നിലയിൽ തികച്ചും മാതൃകാപരമായ പ്രവർത്തനമായിരുന്നു അദ്ദേഹത്തിന്റേത്. സമൂഹത്തിന്റെ പൊതു നന്മയ്ക്കുവേണ്ടി, സ്വസമുദായത്തിന്റെ ക്രിയാശേഷിയെ അദ്ദേഹം ഉപയോഗിച്ചു. മലങ്കര സഭയുടെ പ്രഥമ കാതോലിക്കാ പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവാ കാലം ചെയ്തതിനെ തുടർന്നു നിരണത്തു ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഗീവർഗീസ് മാർ പീലക്സീനോസ് തിരുമേനിയെ പൗരസ്ത്യ കാതോലിക്കായായി തിരഞ്ഞെടുത്തു. ചരിത്രപ്രസിദ്ധമായ നിരണം സെന്റ്. മേരീസ് വലിയ പള്ളിയിൽ വച്ചു 1925 ഏപ്രിൽ 30-നു മലങ്കര സഭയുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മാർ പീലക്സിനോസ് തിരുമേനിയെ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കായായി വാഴിച്ചു. മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ഗീവർഗീസ് ദീവന്നാസിയോസ് തിരുമേനിയോടൊത്തു ചേർന്ന് സഭയുടെ ആദ്ധ്യാത്മികവും ഭൗതീകവും ആയ പുരോഗതിക്കായി യത്നിച്ചു. വാകത്താനം വെട്ടിക്കുന്ന്, പൊങ്ങന്താനം സെന്റ്. തോമസ് , പള്ളം സെഹിയോൻ, കുഴിമറ്റം സെന്റ്. ജോർജ്ജ്, തുടങ്ങിയ ദേവാലയങ്ങളുടെ ശിലാസ്ഥാപനം നിർവ്വഹിച്ചത് പ. ബാവായായിരുന്നു. വൈദീക വൃത്തിയിൽ താല്പര്യമുള്ള നിരവധി യുവാക്കന്മാരെ വള്ളിക്കാട്ടു ദയറായിൽ താമസിപ്പിച്ചു അദ്ദേഹം അഭ്യസിപ്പിച്ചു. റമ്പാനായിരുന്ന കാലം മുതൽ അലട്ടിയിരുന്ന അർശ്ശസ് രോഗം മൂർഛിച്ചതിനെ തുടർന്ന് നെയ്യൂർ ആശുപത്രിയിൽ ഓപ്പറേഷനു വിധേയമായി. ശസ്ത്രക്രിയ വിജയകരമായിരുന്നുവെങ്കിലും, തുടർന്നുണ്ടായ നെഞ്ചുവേദനയെ തുടർന്ന് 1928 ഡിസം 17-നു അദ്ദേഹം കാലം ചെയ്തു. വള്ളിക്കാട്ടു ദയറായിൽ അന്ത്യവിശ്രമം കൊള്ളുന്നു. ●



## ബഥേൽ പ്രസ്ഥാനം

മാന്യ സ്നേഹിതരേ,

സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപെട്ട ജനസഹസ്രങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്ന നിരവധി പ്രശ്നങ്ങളിൽ അവരെ ആവുന്നത്ര സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1990-ൽ സ്ഥാപിച്ചതാണ് ബഥേൽ പ്രസ്ഥാനം. തമിഴ്നാട്ടിലും കേരളത്തിലുമായി പ്രസ്ഥാനത്തിന് ഇപ്പോൾ ഏഴു പ്രവർത്തന മേഖലകൾ ഉണ്ട്. പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി രക്ഷാധികാരിയും, സ്ഥാപകൻ ഫാ. ജേക്കബ് ഡാനിയേൽ പ്രസിഡന്റുമാണ്. എല്ലാ സ്ഥാപനങ്ങളിലുമായി അന്തേവാസികളും പ്രവർത്തകരുമായി 140 പേരുണ്ട്. പ്രതിവർഷം 20 ലക്ഷത്തോളം രൂപാ നിത്യച്ചെലവുകൾക്ക് ആവശ്യമാണ്.

1. **M.G.B. Karuna Centre. Karassery.** തമിഴ്നാട്ടിൽ കാരാശ്ശേരി എന്ന ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. കുഷ്ഠരോഗികളുടെ കുഞ്ഞുങ്ങളെ എടുത്തു വളർത്തുന്ന ഈ ബാലഭവനിൽ ഇപ്പോൾ 60 കുട്ടികൾ ഉണ്ട്. 1.M.G.B. Karuna Centre. A/c No:144, state Bank of India, Srivaikuntom. 2. M.G.B. Karuna Centre A/c No. 89/92 catholicate syrian bank Vallikody

2. **Bethel Snehabhavan Bethelpuri.** തമിഴ്നാട്ടിൽ അമ്പലം എന്ന ഗ്രാമത്തിൽ ബഥേൽപുരിയിൽ പാവപ്പെട്ട അനാഥ പെൺകുട്ടികളെ എടുത്തു വളർത്തുന്ന ഒരു ബാലികാ ഭവനം. ഇപ്പോൾ 20 കുട്ടികൾ ഉണ്ട്. A/c. NO.1117, state Bank of Travancore, Tirunnelveli.

3. **Bethel old age Home - Bethelpuri.** തമിഴ്നാട്ടിൽ ബഥേൽപുരിയിൽ പാവപ്പെട്ട വൃദ്ധ ജനങ്ങളെ സംരക്ഷിക്കുന്ന ഒരു അഭയഭവനം . ഇപ്പോൾ 20- പേരുണ്ട്. Bethel old Age Home, A/c. No: 4866, State Bank of Travancore. Tirunnelveli.

4. **M.R.M. Bethel Clinic Bethelpuri** മൈലപ്രാ വെരി. റവ. പി. ഐ. മാത്യൂസ് റമ്പാൻന്റെ ഓർമ്മക്കായി നടത്തപ്പെടുന്ന ഒരു സൗജന്യ ചികിത്സാ പദ്ധതി. ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലെ ആയിരക്കണക്കിനു പാവപ്പെട്ട രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. M.R.M. Bethel Clinic, A/c. No: 1140, State Bank of Travancore, Tirunnelveli.

5. **Bethel Charitable Trust, Mylapra, Pathanamthitta.** ബഥേൽ പ്രസ്ഥാനത്തിന്റെ മൈലപ്രായിലുള്ള സെൻട്രൽ ഓഫീസിൽ പ്രവർത്തിക്കുന്നു. പാവപ്പെട്ടവർക്ക് വിവാഹസഹായം, വിദ്യാഭ്യാസസഹായം, ചികിത്സാസഹായം, ഭവന നിർമ്മാണത്തിനുള്ള സഹായം മുതലായവ നല്കുന്നു അനേകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. Bethel Charitable Trust A/c. No:2875, State Bank of Travancore-Mylapra.

6. **Bethel Ashram Edathitta, Pathanamthitta.** ബഥേൽ പ്രസ്ഥാനത്തിന്റെ നടത്തിപ്പു ലക്ഷ്യമാക്കി ആശ്രമ ജീവിതം ആഗ്രഹിക്കുന്ന കുട്ടികളെ പരിശീലിപ്പിക്കുന്നു. ആശ്രമത്തിൽ ഇപ്പോൾ 15 അംഗങ്ങൾ ഉണ്ട്. ഫോൺ: 0473 - 486095, 486395

7. **Bethel convent. Bethelpuri, Tamilnadu.** ബഥേൽ പ്രസ്ഥാനത്തിന്റെ നടത്തിപ്പു ലക്ഷ്യമാക്കി സന്യാസിനികളാകാൻ ആഗ്രഹിക്കുന്നവരെ പരിശീലിപ്പിക്കുന്നു. Bethel Snehabhavan, Bethel old Age Home, M.R.M. Bethel clinic ഇവയുടെ പ്രവർത്തനങ്ങൾക്ക് Bethel Convent -ലെ സിസ്റ്റേഴ്സ് നേതൃത്വം നല്കുന്നു.

ബഥേൽ പ്രസ്ഥാനത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങളെ സഹായിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകൾ അതാതു സ്ഥാപനങ്ങളുടെ പേരിലോ, Rev. Fr. Jacob Daniel, Bethel Central Office, Mylapra P.O, Pathanamthitta Pin-689671 എന്ന മേൽവിലാസത്തിലോ അയച്ചുതരണമേ.

ഫാ. ജേക്കബ് ഡാനിയേൽ, പ്രസിഡന്റ്

Advt.

# ഷാർജാ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക രജത ജൂബിലി-ഭവനദാന പദ്ധതി

പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ ഷാർജയിൽ സ്ഥാപിതമായിരിക്കുന്ന സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക 2003-ൽ 25 വർഷം തികയുകയാണ്. ഇടവക പൊതുയോഗ തീരുമാനം അനുസരിച്ച് രജത ജൂബിലി വർഷമായി 2002 നവംബർ മുൽ 2003 നവംബർ വരെ നടത്താൻ തീരുമാനിക്കുകയും മൂന്ന് ജൂബിലി പ്രോജക്റ്റുകൾക്ക് രൂപം നൽകുകയും ചെയ്തു: അതിൽ ഒന്നാണ് ഭവന നിർമ്മാണ പദ്ധതി. കേരളത്തിലുള്ള ഓരോ ഭദ്രാസനങ്ങൾക്കും കുറഞ്ഞത് ഒരു വീട് എന്ന മാനദണ്ഡത്തിൽ നിർദ്ധനരായിട്ടുള്ള അർഹരായ ഇരുപത്തിയഞ്ച് ഓർത്തഡോക്സ് വിശ്വാസികൾക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നതാണ്. ആദ്യ ഘട്ടത്തിലെ ഏഴ് വീടുകളുടെ പണി (വടക്കൻ ഭദ്രാസനങ്ങളിൽ നിന്നും) 2001-ൽ ആരംഭിച്ച് പണി പുരോഗമിച്ച് കൊണ്ടിരിക്കുന്നു. രണ്ടാം ഘട്ടത്തിലെ ഏഴ് വീടുകളുടെ പണി 2002 മാർച്ചിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് കേരളത്തിന്റെ തെക്കൻ ഭദ്രാസനങ്ങളിൽ നിന്നും (കോട്ടയം, കോട്ടയം സെൻട്രൽ, നിരണം, ചെങ്ങന്നൂർ, തുമ്പമൺ, കൊല്ലം, തിരുവനന്തപുരം) താഴെ പറയുന്ന നിബന്ധനകൾക്കനുസരിച്ച് അപേക്ഷ ക്ഷമിച്ചുകൊള്ളുന്നു.

മേൽ ഭദ്രാസനത്തിൽപ്പെട്ട ആ ഇടവകയിൽ നിന്നും അർഹമായിട്ടുള്ള ഒരു അപേക്ഷ താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്കു വിധേയരായിട്ടുള്ള വ്യക്തികളിൽ നിന്നും 2002 ജനുവരി 31-ാം തീയതിക്കു മുമ്പായി ഇവിടെ ലഭിക്കത്തക്കവണ്ണം അയച്ചു തരേണ്ടതാണ്.

നിബന്ധനകൾ

1. അപേക്ഷകന് സ്വന്തമായി എത്ര സ്ഥലം ഉണ്ടെന്ന് അപേക്ഷയിൽ കാണിച്ചിരിക്കണം. ഏറ്റവും കുറഞ്ഞത് 3 സെന്റ് സ്ഥലമെങ്കിലും അപേക്ഷകന്റെ പേരിൽ തീരാധാരം ഉണ്ടായിരിക്കേണ്ടതും, കരം അടച്ച രസീതിന്റെ കോപ്പി അപേക്ഷയോടൊപ്പം അയച്ചുതരേണ്ടതുമാണ്.

2. വിധവമാർ, അംഗ വൈകല്യമുള്ളവർ, വിവാഹ പ്രായമായ പെൺകുട്ടികൾക്കുള്ള രോഗികളായ മാതാപിതാക്കൾ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

3. ബന്ധപ്പെട്ട ഗവ. ഓഫീസിൽ നിന്നും വാർഷീക വരുമാനത്തിന്റെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

4. ഇടവക മാനേജിംഗ് കമ്മറ്റിയുടെ അംഗീകാരത്തോടുകൂടി ബഹു. ഇടവക വികാരി ശുപാർശ ചെയ്ത് അപേക്ഷ അയയ്ക്കേണ്ടതാണ്. ഏത് ഭദ്രാസനത്തിൽ നിന്നുള്ളതെന്ന് വ്യക്തമായി എഴുതിയിരിക്കണം.

5. ഷാർജ ഇടവക നൽകുന്ന ഡ്രോയിംഗ് പ്രകാരം മാത്രമായിരിക്കണം വീടു പണിയേണ്ടത്. വീടിനു ചിലവിടുന്ന പരമാവധി തുക Rs. 60,000/- ആയിരിക്കും.

6. കുറഞ്ഞത് 5 വർഷമെങ്കിലും വീട് കൈമാറ്റം ചെയ്യുകയില്ല. എന്ന് അപേക്ഷകനും ആ ഇടവകയുമായി ഒരു ഉടമ്പടി നടത്തേണ്ടതും, അപേക്ഷ പരിഗണിക്കുന്ന പക്ഷം ആയതിന്റെ രേഖ അപേക്ഷയോടൊപ്പം അയച്ചു തരേണ്ടതുമാണ്.

7. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകൻ കൂടിനടക്കുന്ന ഇടവകയിലെ ബഹു. വികാരിയുടെയും, മാനേജിംഗ് കമ്മിറ്റിയുടെയും പൂർണ്ണ ഉത്തരവാദിത്വത്തിൽ വീടു പണി നടത്തേണ്ടതാകുന്നു.

8. ഒരിടവകയിൽ നിന്നും ഒരു അപേക്ഷ മാത്രമേ ഷാർജ ഇടവക സ്വീകരിക്കുകയുള്ളു. വീടു പണിയുടെ പുരോഗതി അറിയിക്കുന്നതനുസരിച്ച്, പണം, അപേക്ഷകന്റെ ഇടവകയുടെ പേരിൽ 3 ഗഡുക്കളായി (50%, 25%, 25% എന്ന അനുപാതത്തിൽ)അയച്ചു തരുന്നതായിരിക്കും. വീടു പണിയുടെ കാലാവധി 6 മാസമായിരിക്കും.

ഇരുപത്തഞ്ച് വീടുകളുടെ ഔദ്യോഗീകമായ താക്കോൽ ദാനം 2003 ജൂലൈ മാസത്തിൽ പരുമല പള്ളി ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന പൊതു സമ്മേളനത്തിൽ നടത്തപ്പെടുന്നതായിരിക്കും.

*അപേക്ഷ അയക്കേണ്ട വിലാസം:-*

**TO**


**REV. FR. JOHN DANIEL**

**Ref: SJP-2003**

**ST. GREGORIOS ORTHODOX CHURCH,**

**P.O. Box: 2229, SHARJAH, UAE.**

*ലളിതമായ ചില വിശ്വാസപാഠങ്ങളെ കൈകാര്യം ചെയ്യുന്ന ഒരു പുതിയ പംക്തി ആരംഭിക്കുന്നു. വിശ്വാസികൾ നേരിടുന്ന ചോദ്യങ്ങൾക്ക് ലളിതമായി ഉത്തരം ഈ പംക്തിയിലൂടെ പ്രതീക്ഷിക്കാം-പത്രാധിപർ.*



# വിശ്വാസ പാഠം

**ഫാ. പി.എം. സഖറിയ, പള്ളിക്കപ്പറമ്പിൽ**

*ഓർത്തഡോക്സ് സഭയെ വേദപുസ്തക വിരോധികൾ എന്നു വിളിച്ച് അപകീർത്തിപ്പെടുത്തുന്ന കാലം. ആധുനിക നവീകരണ സമൂഹങ്ങളെ തിരുവചനത്താൽ നേരിടുവാൻ അജ്ഞതയാൽ നാം ഭയപ്പെടുന്നു. ഇവരെ എങ്ങനെ നമുക്ക് നേരിടാനാവും? അവരുടെ പൊതുവായ ചില ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും ഈ പംക്തിയിലൂടെ നൽകുവാൻ ശ്രമിക്കാം.*

**I വേദപുസ്തകവും നമ്മുടെ സഭയും തമ്മിലുള്ള ബന്ധം എങ്ങനെ?**

ഈ ചോദ്യത്തിനുത്തരം നൽകുന്നതിനു മുമ്പായി ഈ വി. ഗ്രന്ഥം ആരുടേത് എന്നു പരിശോധിക്കാം. ഇന്ന് എല്ലാ കൂട്ടായ്മക്കാരുടേയും കൈയ്യിൽ ഈ പുസ്തകം ഉള്ളതുകൊണ്ട് അവരുടെ വിചാരം ഇത് ഉടമസ്ഥനില്ലാത്ത ഗ്രന്ഥം എന്നാണ്. അവരെ പ്രാഥമികമായി നാം ബോധ്യപ്പെടുത്തേണ്ടുന്ന ഒരു കാര്യം, ഈ പുസ്തകം പ്രപഞ്ചത്തിനും, ജീവജാലങ്ങൾക്കും വേണ്ടിയുള്ളതാണ് എങ്കിലും അതിന്റെ ഉടമസ്ഥാവകാശം വി. സഭയ്ക്കു മാത്രമാണ്. വേദപുസ്തകത്തിന്റെ ഉടമസ്ഥൻ സഭയാണ്. നമ്മുടെ പുസ്തകം അവർ കൊണ്ടുനടക്കുന്നു എന്നു മാത്രം. അതിലെ കാര്യങ്ങളെ പഠിപ്പിക്കുവാനും, വ്യാഖ്യാനിക്കാനുമുള്ള അധികാരം വി. സഭയ്ക്കാണ്. ഒരുദാഹരണം പറയാം. ഇന്ത്യൻ ഭരണഘടനയുടെ കോപ്പികൾ നമ്മുടെ കൈവശം കാണും. അതു വായിച്ച് നമുക്ക് വ്യാഖ്യാനം നൽകുകയും ചെയ്യാം. എന്നാൽ അറിവു നടിച്ച് ആര്, എവിടെയിരുന്ന് വ്യാഖ്യാനിച്ചാലും അതിന്റെ ആത്യന്തിക വിശകലനം ബഹു. സുപ്രീം കോടതിയിൽ നിക്ഷിപ്തമായിരിക്കുന്നതുപോലെ, വി. വേദപുസ്തകത്തിന്റെ ആത്യന്തിക വ്യാഖ്യാനം സഭയിലും, അതിലെ പിതാക്കന്മാരിലും മാത്രമാണ്. മറിച്ചുള്ള ഒന്നിനേയും വകവെച്ചു കൊടുക്കേണ്ടതില്ല.

**II നമ്മുടെ സഭയിൽ വേദപുസ്തക അടിസ്ഥാനത്തേക്കാൾ ഉപരി പാരമ്പര്യങ്ങൾക്കും, പഴയ ലേഖനങ്ങൾക്കു മെല്ലെ കൂടുതൽ സ്ഥാനം?**

സഭയാണ് ആദ്യം ഉണ്ടായത്. വേദപുസ്തകം പിന്നീടും. സഭ പഠിപ്പിക്കുന്നതിനെ ബൈബിൾ തെളിയിക്കും. വി. സഭയിൽ പാരമ്പര്യങ്ങൾക്കും (Apostolic Traditions) പിതാക്കന്മാരുടെ എഴുത്തുകൾക്കും, വിശ്വാസ പ്രമാണങ്ങൾക്കും (Doctrines of the Holy Fathers) സ്ഥാനമുള്ളതുപോലെ വേദപുസ്തകത്തിനുമുണ്ട്. ഏറ്റവും ആധികാരികവും, വേദസത്യങ്ങളുടെ ഉറവിടവുമായി ബൈബിളിനെ സഭ കാണുന്നു. എന്നാൽ ചില അവസരങ്ങളിൽ പാരമ്പര്യവും പരിശോധിക്കേണ്ടിവരും. അതു വേദപുസ്തകത്തിനു നിരക്കാത്തതല്ല. (പിന്നീടു വിശദീകരിക്കാം). വി. മദ്ബഹായിൽ ത്രോണോസു കഴിഞ്ഞാൽ പിന്നെ ഏവൻഗേലിയോനാണ് സ്ഥാനം. കർത്താവിന്റെ ശരീരരക്തങ്ങൾ കഴിഞ്ഞാൽ കർത്താവിന്റെ വചനങ്ങൾക്കാണ് പിന്നീടു സ്ഥാനം. തിരുശരീര രക്തങ്ങൾ ഇല്ലാത്തവരാണ് ബൈബിളിനു കൂടുതൽ സ്ഥാനം നൽകിയിരിക്കുന്നത്. വേദപുസ്തക വായനയില്ലാതെ ഒരു വി. കൂദാശയും, പട്ടംകൊടയും പൂർത്തിയാകുന്നില്ല. ഭവനങ്ങളിൽ, മതപാഠശാലകളിൽ ഇതു വായിക്കുകയും പഠിപ്പിക്കുകയും ചെയ്യണമെന്ന് സഭ പഠിപ്പിക്കുന്നു. വി. ഗ്രന്ഥത്താൽ സമർത്ഥിക്കപ്പെടാത്ത ഒറ്റ വിശ്വാസവും ഈ സഭയ്ക്കില്ല. എന്നാൽ യഥേഷ്ടം ആരാലും വ്യാഖ്യാനിക്കപ്പെടാവുന്ന ഒരു സാധാരണ പുസ്തകമായി തരം താഴ്ത്തുന്നുമില്ല.

**III ഓർത്തഡോക്സ് സഭയുടെ ബൈബിൾ ഏത്?**

പുരാതന സഭയ്ക്ക് ബൈബിൾ ഒന്നേയുള്ളു. അതു രണ്ടാം നൂറ്റാണ്ടിലെ ആദ്യ പതിപ്പുകൾ ആണ്. ആ പുസ്തകത്തിന്റെ പേര് "ക്തേബൊ കാദീശൊ" = വി. ഗ്രന്ഥമെന്നർത്ഥം. എന്നാൽ എ.ഡി. 397-ലെ കാർത്തേജ് കൗൺസിലാണ് വി. പുസ്തകങ്ങൾ ഏവയെന്ന് നിശ്ചയം ചെയ്തത്. ഇപ്പോഴുള്ള 66 പുസ്തകങ്ങൾ എല്ലാം തന്നെ ക്രിസ്തീയ സഭയുടെ അധികാരത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. ഈ പുസ്തകത്തെ ചിലർ തരം താഴ്ത്തിയതുകൊണ്ട് ഈ വി. പുസ്തകത്തെക്കുറിച്ചും, വി. റൂഹായാൽ പ്രേരിതരായ ഗ്രന്ഥകർത്താക്കളെക്കുറിച്ചും നമുക്ക് വിശ്വാസം കുറഞ്ഞ്. "പുതിയ നിയമത്തിൽ ഏതെല്ലാം വാക്യങ്ങളിൽ വിശ്വസിക്കാം?" എന്ന സംശയത്തിൽ നമ്മെ വീഴ്ത്തി. വേദപുസ്തകത്തിലെ ദൈവ നിശ്വസിത പുസ്തകങ്ങൾ ഇന്നവയെന്നു സഭ കാണിച്ചു തന്നു. അതാണ് സത്യ വേദപുസ്തകം.

**IV വേദപുസ്തകവുമായി വീട്ടിൽ കയറി വരുന്നവരെ എങ്ങനെ കൈകാര്യം ചെയ്യണം?**

പ. പത്രോസ് ശ്ലീഹായുടെ രണ്ടാം ലേഖനം രണ്ടാം അദ്ധ്യായം മുഴുവൻ വായിച്ചു നോക്കുക.

മറ്റു ചില വേദഭാഗങ്ങൾ (തീർച്ചയായും വായിക്കണം)

അവരെ വീട്ടിൽ കൈക്കൊള്ളരുത് 2 യോഹ. 2:10,

അവരോട് അകന്നു മാറികൊള്ളണം റോമ. 16:17,18

അവരെ വിട്ടൊഴിയണം 2 തീമോ. 5-8

അവർ ശപിക്കപ്പെട്ടവരാണ് ഗലാ. 1:6,7,8

അവർക്കു നാശം വന്നു ഭവിക്കും 2 പത്രോ. 2:2,3

അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ള ചിലതുണ്ട്. അറിവില്ലാത്തവരും, അസ്ഥിരരുമായ ചിലർ, ശേഷം തിരുവെഴുത്തുകളെപ്പോലെ അവയെ തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു. (2 പത്രോ. 3:15,16)

പ്രതിമാസചിന്തകൾ X

# "സമാധാനത്തിന്റെ പൈതലിനെ" ഹൃദയത്തിൽ പ്രതിഷ്ഠിക്കുക

ക്രിസ്തുമസ് ആശംസകളുടെയും സന്ദേശങ്ങളുടെയും സമയമാണ് ഡിസംബർ മാസം. അർത്ഥപൂർണ്ണമായ ആശംസകൾ മനോഹരമായ കാർഡുകളിലൂടെ കൈമാറുന്നു. ആരാധനാലയങ്ങളിൽ "ദൈവത്തിന് മഹത്വം" പാടുന്നു. പൊതുവേദികളിൽ "ദൈവപ്രസാദമുള്ളവർക്ക് സമാധാനം" നേരുന്നു. ക്രിസ്തുമസ് കാർഡ്, ക്രിസ്തുമസ് കേക്ക്, ക്രിസ്തുമസ് ഫാദർ, ക്രിസ്തുമസ് ഗിഫ്റ്റ്–എല്ലാം ഈ മഹാസന്തോഷത്തിന്റെ സന്ദേശവാഹകരാകുന്നു.

എന്നാൽ യഥാർത്ഥ ക്രിസ്തുമസ് സന്ദേശം വാക്കുകൾ ഉപയോഗിച്ചുള്ള ആശംസയല്ല, ഹൃദയപരിവർത്തനത്തിനാധാരമായ ഉറച്ച തീരുമാനവും പ്രവൃത്തിയുമാണ്. ഈ സത്യം മനോഹരമായി പ്രതിപാദിക്കുന്ന ഒരു പുസ്തകമാണ് 1974–ൽ ഡോൺ റിച്ചാർട്സൺ പ്രസിദ്ധീകരിച്ച പീസ് ചൈൽഡ് (Peace child). അമേരിക്കൻ മിഷനറിമാരായ ഡോൺ റിച്ചാർട്സന്റെയും സഹധർമ്മിണി കരോലിന്റെയും ജീവിതാനുഭവങ്ങളുടെ സംഗ്രഹമാണീ പുസ്തകം. അക്കാലത്ത് റിഡേഴ്സ് ഡൈജസ്റ്റിൽ ഈ പുസ്തകത്തിന്റെ ഭാഗങ്ങൾ ഒരു പരമ്പരയായി പ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് ഇതിനെ ആധാരമാക്കി ഒരു ഫിലിംതന്നെ നിർമ്മിക്കപ്പെട്ടു. ഡോൺ റിച്ചാർട്സൺ സ്വന്തം അനുഭവകഥ വിവരിക്കുന്നതിങ്ങനെയാണ്.

"1962–ൽ എന്റെ ഭാര്യ കരോലിനും ഞാനും മിഷനറി പ്രവർത്തനങ്ങൾക്കായി ന്യൂ ഗിനി (ഇന്ന് ഇൻഡോണേഷ്യയുടെ ഭാഗം) യിലെ സ്വാവി ദ്വീപിലേയ്ക്ക് പുറപ്പെട്ടു. പ്രാചീനസമൂഹങ്ങൾ ജീവിക്കുന്ന നാനൂറോളം ദ്വീപുകളിൽ ഒന്നു മാത്രമാണ് സ്വാവി. ഓരോ ദ്വീപിലും തികച്ചും വിഭിന്നവും എന്നാൽ അദ്വിതീയവുമായ പാരമ്പര്യവും സംസ്ക്കാരവും നിലനിന്നിരുന്നു. മനുഷ്യരെ കൊന്നു തിന്നുന്ന മനുഷ്യരുണ്ടെന്നതായിരുന്നു സ്വാവി ദ്വീപിന്റെ പ്രത്യേകത. 1962 മുതൽ ഞങ്ങൾ അവിടെ താമസിച്ച് ക്രിസ്തുവിന്റെ സുവിശേഷം അറിയിച്ചു തുടങ്ങി. ഇതോടൊപ്പം അവരുടെ ഭാഷയും, സംസ്ക്കാരവും, പാരമ്പര്യവും ഞങ്ങൾ പഠിച്ചു തുടങ്ങി. എടുത്തു പറയട്ടെ, അവരുടെ സംസ്ക്കാരത്തിലെ ഒരു പ്രത്യേക വശം ഞങ്ങളെ അത്ഭുതപ്പെടുത്തി. വിശ്വാസ പാതകത്തിലൂടെയും വഞ്ചനയിലൂടെയും വിജയം വരിക്കുന്നവരെ വീരന്മാരായി ആദരിക്കുന്ന ഒരു സംസ്ക്കാരമാണവർക്കുണ്ടായിരുന്നത്. സൗഹൃദം നടിച്ച് മറ്റുള്ളവരെ സമീപിച്ച്, തരം കിട്ടുമ്പോൾ ചതിയിൽ കുടുക്കി കൊന്നു തിന്നുന്നവരെ വീരയോദ്ധാക്കളായി അവർ ബഹുമാനിച്ചു. വഞ്ചനയും ചതിയും കൊലപാതകവുമാണ് വീരയോദ്ധാക്കൾക്കുവേണ്ട നല്ല ഗുണങ്ങൾ എന്നു വിശ്വസിക്കുന്ന ജനസമൂഹമായിരുന്നു അത്. (സംസ്ക്കാരസമ്പന്നർ എന്ന് സ്വയം അവകാശപ്പെടുന്ന ആധുനിക സമൂഹത്തിലും ഇത്തരക്കാർ കുറവൊന്നുമല്ലല്ലോ.)

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രഭുവായ യേശു ക്രിസ്തുവിനെ ഞങ്ങൾ അവർക്ക് പരിചയപ്പെടുത്തിയപ്പോൾ, അവരെ ആകർഷിച്ചത് ക്രിസ്തുവല്ല, മറിച്ച് ചതിയിലൂടെ യേശുവിനെ ക്രൂശുമരണത്തിലേറ്റാൻ യൂദൻമ്മാർക്ക് ഒറ്റിക്കൊടുത്ത യൂദാസിനെയാണ്. അന്നു മുതൽ യൂദാസിനെ ഒരു വീരപുരുഷനായി അവർ ആദരിക്കാൻ തുടങ്ങി. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊരു കൽച്ചർ ഷോക്കായിരുന്നു. വെളുക്കാൻ തേച്ചത് പാണ്ടായി എന്നതു പോലെ. എല്ലായിടത്തും യൂദാസിന്റെ പ്രതിമ സ്ഥാപിച്ച് ആദരിക്കുന്നു. ഞങ്ങൾ ദുഃഖിച്ചു എങ്കിലും നിരാശരായില്ല. ദൈവമാണ് ഞങ്ങളെ ഇങ്ങോട്ടയച്ചത്. നൂറ്റാണ്ടുകളായി വഞ്ചനയെ ഒരു സനാതന മൂല്യമായി അംഗീകരിച്ച ഈ സമൂഹത്തെ എങ്ങനെ നേർവഴിക്കു തിരിച്ചു കൊണ്ടുവരണമെന്ന് കാണിച്ചു തരാൻ ഞങ്ങൾ ദൈവത്തോട് പ്രാർത്ഥിച്ചു. അടുത്ത രണ്ടുവർഷം അവരുടെ സംസ്ക്കാരവും പാരമ്പര്യവും ഞങ്ങൾ ആഴത്തിൽ പഠിച്ചു. അവരുടെ പ്രാദേശിക സംസ്ക്കാരത്തിലെ കാർമേഘങ്ങൾക്കിടയിൽ ഒരു രജതരേഖ തെളിഞ്ഞു വരുന്നതായി ഞങ്ങൾ കണ്ടു. ഈ പ്രാചീന സമൂഹത്തിലെ രണ്ടു വർഗ്ഗങ്ങൾ തമ്മിൽ യുദ്ധം ഉണ്ടാവുമ്പോൾ, ഒരു വർഗ്ഗം അവരുടെ ഒരു പൈതലിനെ എതിർവർഗ്ഗത്തിന് സമ്മാനമായി നൽകിയാൽ സമാധാനം പുനഃസ്ഥാപിക്കുന്ന പാരമ്പര്യം അവർക്കുള്ളതായി ഞങ്ങൾ മനസ്സിലാക്കി. ഇതു ദൈവം കാണിച്ചു തന്ന ഒരു രജതരേഖ തന്നെയായിരുന്നു.

ആവേശത്തോടെ ഞങ്ങൾ അവരുടെ ഇടയിലേക്കു മടങ്ങി ചെന്നു. അതൊരു ഡിസംബർ മാസമായിരുന്നു. സ്വാവി വർഗ്ഗക്കാരെ വിളിച്ചു കൂട്ടി. ഞങ്ങൾ അവരോടു പറഞ്ഞു. "ഇനിമേൽ നിങ്ങൾ കലഹിക്കേണ്ട. സമാധാനത്തിന്റെ ഒരു പൈതൽ–ജീസസ് ക്രൈസ്റ്റ്–നെ ഞങ്ങൾ നിങ്ങൾക്കു സമ്മാനിക്കുന്നു. അവൻ ഒരുനാളും മരിക്കുകയില്ല. അവനെ നിങ്ങൾ ഹൃദയാന്തർഭാഗത്ത് സൂക്ഷിക്കുക." (Here is a child of God-Jesus Christ-who will never die)

വേദപുസ്തകം തുറന്ന് യെശയ്യാ പ്രവാചകന്റെ 9–ാം അദ്ധ്യായം 6–ാം വാക്യം അവരെ വായിച്ചു കേൾപ്പിച്ചു. "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവന്ന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർവിളിക്കപ്പെട്ടും." വി. യോഹന്നാന്റെ സുവിശേഷം 3:16 ഉദ്ധരിച്ചു കൊണ്ട് വീണ്ടും ഞങ്ങൾ അവരോടു പറഞ്ഞു. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോവാതെ നിത്യജീവൻ പ്രാപിക്കും".

പരിശുദ്ധാതമാവ് പ്രവർത്തിക്കുന്നതായി ഞങ്ങൾക്ക് മനസ്സിലായി. കാരണം, ഒരു ആറ്റംബോമ്പിന്റെ ഫലമായിരുന്നു ഈ പ്രസ്താവനയ്ക്കുണ്ടായിരുന്നത്. ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങളിലേക്ക് ഈ സന്ദേശം കൈമാറി. സ്വാവി വർഗ്ഗത്തിന്റെ പ്രാദേശിക സംസ്ക്കാരത്തിലെ ഇരുളടഞ്ഞ വശങ്ങളെ പ്രകാശ പൂരിതമാക്കാൻ ഈ സന്ദേശത്തിനു കഴിഞ്ഞു. "പീസ്

ശേഷം 24–ാം പേജിൽ



# ബാലസഭ

ബാലസഭ

ബാലസഭ

നടവഴികൾ.....

## വിനാശങ്ങൾ.....

സ്പീഡിൽ ചെവി തിരുമ്മിക്കൊണ്ട് ജോൺ സാവിയോ 6–ഡിയിലേക്ക് കയറി. ബാഗ് ഡസ്കിൽ വച്ചുകൊണ്ട് ചിന്തിച്ചു. എനിക്കെന്തു കൊണ്ടാണ് ഇത്രയധികം വഴക്കും, തല്ലും കിട്ടുന്നത്?.....

ഇന്നു രാവിലെതന്നെ സെർവ്വന്റിന്റെ കയ്യിൽനിന്നും ടിഫിൻ വാങ്ങി ഡൈനിംഗ് ടേബിളിന്റെ പുറത്തു വച്ചപ്പോൾ സ്പീഡ് അല്പം കൂടിപ്പോയതാണ്. ടിഫിൻ മറുവശത്തുകൂടി തറയിൽ വീണ്, തുറന്ന് ചിതറി.. ആദ്യത്തെ പിച്ചും നുള്ളും വേലക്കാരിയുടെ വക. ഇന്ന് ഒണക്കബ്രഡ് തിന്ന് ഉച്ചകഴിക്കണം.

ബസ്സിൽ വച്ച് 8–ബി യിലെ കാവ്യ ചന്തുവിന്റെ സ്കൂൾ ബാഗിന്റെ ചുവന്ന ബക്കിൾ ഒന്ന് തൊട്ടു നോക്കിയതേ ഉള്ളൂ. അത് ഊരി തന്റെ കൈയ്യിൽ കേസ് ഇന്ന് 10 മണിക്ക് ടീച്ചർ നേരിട്ട് വിളിക്കും.

ബസിൽ വച്ചു തന്നെ ഹോം വർക്ക് ശരിയാണോ എന്ന് നോക്കാൻ ബിനു തരകന്റെ ബുക്ക് പിടിച്ചതാണ് പൊതിയടക്കം ബാക്ക് പേജ് കീറിപ്പോയി – ഹൊ കഷ്ടം! കേസ് നാളെ അവന്റെ അപ്പായും, മമ്മിയും വന്ന് നേരിട്ട് കൊടുക്കുമെന്നാണ് ഭീഷണിപ്പെടുത്തിയിരിക്കുന്നത് – ങ്ഹാ! ഒരു ദിവസത്തെ അവധിയുണ്ട്. ഒടുവിൽ ബസിന്റെ പടി വേഗത്തിൽ ഇറങ്ങാൻ ഒരു പടി ഒഴിവാക്കി 2–ാമത്തേതിലേക്ക് ചാടിയതാണ്, ദാ കിടക്കുന്നു കാലുതെറ്റി മുറ്റത്ത്. ആയ അമ്മിണിച്ചേച്ചി ചെവി തിരുമ്മി നാശമാക്കി വിട്ടു.

പതിവുപോലെ പത്തു മണിക്കുള്ളിൽത്തന്നെ അഞ്ച് കേസുകൾ ചാർജ്ജു ചെയ്തു കഴിഞ്ഞു. 3 എണ്ണമെങ്കിലും വീട്ടിലെത്തും. വക്കീലായ ഡാഡിക്ക് മോന്റെ കേസുകൾ കൈകാര്യം ചെയ്യാനായിരിക്കും ബുദ്ധിമുട്ട്. വരട്ടെ, വാദിച്ചു നോക്കാം. ദൈവമേ എന്റെ നിസ്സഹായാവസ്ഥ ആരറിയാൻ. ജോൺ സാവിയോ പതിയെ ഡസ്കിലേക്ക് ചാരിയിരുന്നു. പുറത്ത് എന്തോ കൊണ്ടു വേദനിക്കുന്നു. ഈ വേദനയൊക്കെ എത്ര നിസ്സാരം..... ആലോചിച്ചിരുന്നു സമയം പോയതറിഞ്ഞില്ല.

"യൂ അഗ്ലി ലാഡ്" എന്റെ ടാൻജൻഷൻ ഫോഴ്സ് വർക്കിംഗ് മോഡൽ നീ തകർത്തല്ലോ......

നെറ്റിയിലടിച്ചു കൊണ്ട് ബുദ്ധിജീവിയുടെ കട്ടിക്കണ്ണാടിയുമായി ജഗദീശ് ചന്ദ്രൻ പരിതപിച്ചുകൊണ്ട് ഓടി വരുന്നു. ജോൺ സാവിയോ പുറം തിരിഞ്ഞു നോക്കി. ജഗദീശിന്റെ വർക്കിംഗ് മോഡലിന്റെ പുറത്താണ് താൻ ഇത്രയും നേരം ചാരിയിരുന്നത്. വൃത്താകാരം നില നിർത്തിയിരുന്ന കമ്പി ചുളുങ്ങി വല്ലാതായിരിക്കുന്നു.

സ്ക്കൂൾ ശാസ്ത്രമേളയ്ക്ക് കൊണ്ടു പോകാൻ അവൻ മിനക്കെട്ട് ഉണ്ടാക്കിയ സാധനമാണ്.... എന്തു ചെയ്യും ഇന്ന് 6–ാം നമ്പർ കേസ് ആദ്യം വിളിച്ചേക്കും.

"വിവേകം വൈകിയാലെത്തീടുമതിഥി പോൽ
വരുമോരോ വിനാശങ്ങൾ ദിനവുമേ"
വൈകിയെത്തിയ വിവേകം പോൽ ജോൺ സാവിയോയുടെ മനസ്സിൽ ഈ ഗാനശകലം ഓടിയെത്തി

*തോമസ് പി. കൊട്ടാരക്കര*

വചന പാത്രം...

"ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക"

1 തിമോത്തിയോസ് 6:8

പ്രിയപ്പെട്ട കൊച്ചു കൂട്ടുകാരേ,

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം എന്ന മനോഹര ഗാനം വീണ്ടും ലോകത്തിൽ അലയടിക്കാൻ തുടങ്ങുകയാണല്ലോ. ലോകം മുഴുവൻ സമാധാനം വിളിച്ചറിയിച്ചുകൊണ്ട് ഒരു ക്രിസ്തുമസ്കൂടി വരുന്നു. ക്രിസ്തുമസ് ഗാനങ്ങളും ക്രിസ്തുമസ് ട്രീയും ക്രിസ്തുമസ് നക്ഷത്രങ്ങളും എല്ലാംകൂടി ക്രിസ്തുമസിനെ ആഘോഷ ഭരിതമാക്കുന്നു. അതോടൊപ്പംതന്നെ ഒരു നവവത്സരവും കടന്നു വരുന്നു. പഴയ ദിനങ്ങളിൽ വന്നു പോയിട്ടുള്ള പോരായ്മകൾ മനസ്സിലാക്കി അവയെ തിരുത്തി പുതിയ നാളുകളിലേക്ക് പ്രവേശിക്കാനുള്ള അവസരം.

കൂട്ടുകാരേ! ഡിസംബർ മാസത്തിൽ നമ്മെ സംബന്ധിച്ചിടത്തോളം വേറൊരു പ്രത്യേകതയുണ്ട്. അതായത് ക്രിസ്തുമസ് പരീക്ഷയുടെ കാലയളവാണ്. എല്ലാ കൂട്ടുകാരും പരീക്ഷയുടെ തിരക്കിലാണ് എന്ന് ചേട്ടനറിയാം. ഓണപ്പരീക്ഷയ്ക്കുണ്ടായ കുറവുകൾ നികത്താൻ ഒരവസരമാണിത്. ചില കൂട്ടുകാർ പഠിക്കാതെ ജയിക്കാൻ വേണ്ടി തെറ്റായ മാർഗ്ഗങ്ങൾ സ്വീകരിക്കാറുണ്ട്. ഇത് ഒരിക്കലും ശരിയായ കാര്യമല്ല. നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മഗാന്ധി സ്ക്കൂളിൽ പഠിക്കുന്ന സമയത്ത് ഒരു സംഭവമുണ്ടായി. തെറ്റായി എഴുതിയ വാക്ക് അടുത്തിരിക്കുന്ന കുട്ടിയുടേതു നോക്കി ശരിയായി എഴുതുവാൻ അദ്ധ്യാപകൻ ആവശ്യപ്പെട്ടു. എന്നാൽ ഗാന്ധിജി അതിനു തയ്യാറായില്ല. അത്രമാത്രം സത്യസന്ധനായിരുന്നു അദ്ദേഹം. ഇതു നമ്മുക്കും ഒരു മാതൃകയാണ്. ശരിയായ മാർഗ്ഗത്തിൽ പഠിച്ച് പരീക്ഷയെഴുതി വിജയിക്കാൻ നമ്മുക്കു സാധിക്കണം. യേശു അപ്പച്ചനോട് പ്രാർത്ഥിക്കുന്ന കാര്യത്തിൽ കൂട്ടുകാരാരും മുടക്കം വരുത്തുന്നില്ല എന്നു ചേട്ടൻ കരുതുകയാണ്.

എല്ലാ കൂട്ടുകാർക്കും പരീക്ഷയിൽ നല്ല വിജയം ആശംസിക്കുന്നു. അതോടൊപ്പംതന്നെ എബിച്ചേട്ടന്റെ എല്ലാ വിധമായ ക്രിസ്തുമസ് പുതുവത്സരാശംസകളും നേരുന്നു. പ്രാർത്ഥനയോടെ

നിങ്ങളുടെ എബിച്ചേട്ടൻ

## ബുദ്ധിമാൻ



2nd Death Anniversarry on 25-11-2001

Ist Death Anniversarry On 24-12-2001





M.K. GEORGE

ANNAMMA GEORGE

Madappallil
Kumbazha, Pathanamthitta

*Inserted by the Sorrowing family Members*

**പരുമല സ്മൃതി ബുക്കിംഗിന്**

താഴെ കൊടുത്തിരിക്കുന്ന സെന്ററുകളിൽ പരുമല സ്മൃതി പ്രീ പബ്ലിക്കേഷൻ ബുക്കിംഗിനുള്ള സൗകര്യമുണ്ട്.

**തിരുവനന്തപുരം**

എം.ജി.ഒ.സി.എസ്.എം.എഫ്. ബുക്ക് സ്റ്റാൾ,
ഓർത്തഡോക്സ് സ്റ്റുഡന്റ് സെന്റർ, Near A.K.G. Centre തിരുവനന്തപുരം-1

**പത്തനംതിട്ട**


സെന്റ് തോമസ് ബുക്ക് ഡിപ്പോ,
കെ.എസ്.ആർ.ടി.സി., ബസ്സ് സ്റ്റാന്റിനു സമീപം
ഫോൺ: 0473-320501

**പരുമല**

പീടികയിൽ ബുക്ക് ഹൗസ്,
പരുമല

*തിരുവനന്തപുരം, പത്തനംതിട്ട സെന്ററുകളിൽ മാസികയുടെ വരിസംഖ്യ പുതുക്കുന്നതിനും പുതുതായി ചേരുന്നതിനും അവസരമുണ്ട്.*

മാനസീകമായി നശിച്ച വ്യക്തി സൗഖ്യം പ്രാപിച്ചതും, ജീവിതത്തിൽ അതുല്യവിജയം നേടിയതും മഹാ അത്ഭുതത്തിന് നന്ദി. ഞായറാഴ്ചകളിൽ പരുമല പള്ളിയിൽ വി. കുർബാനയിൽ സംബന്ധിക്കുമ്പോൾ മനസ്സു നിറയെ നന്ദി അനുഭവപ്പെട്ടു.



T.V. Varghese
Rtd. Deputy Director of Education
Trichur

അവിടുത്തെ മദ്ധ്യസ്ഥതയിൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന്




ROY LONDON



പരിസ്ഥിതിയുടെ ആത്മീയത XVIII

# "ദൈവം-മനുഷ്യൻ-പ്രകൃതി"-സർവ്വതല സ്പർശിയായ ഏകരൂപത്വം തുടർച്ച....

*പ്രൊഫ. കെ.പി. ജോയി*



**പ്രകൃതി നാശത്തിനാധാരമായ ദ്വന്ദ്വാത്മകത്വം**

താത്വിക തലത്തിൽ ഇന്നത്തെ പരിസ്ഥിതി പ്രതിസന്ധിയ്ക്കാധാരമായി പ്രവർത്തിക്കുന്ന വിഭിന്ന തരത്തിലുള്ള ദാർശനികവും വേദശാസ്ത്രപരവുമായ കാരണങ്ങളുണ്ട്. [1]ആർ. ആർ. റോസ്മേരി യെപ്പോലുള്ള പരിസ്ഥിതി സ്ത്രീവാദി (Ecofeminist)കളുടെ അഭിപ്രായത്തിൽ ഇതിൽ മുഖ്യമായത് ദ്വന്ദ്വാത്മകത്വം(Dualism)എന്ന ദാർശനിക ചിന്താധാരയാണ്.

കർമ്മത്തിലും പ്രവർത്തിയിലും പരസ്പര ഭിന്നങ്ങളായ രണ്ടു ഘടകങ്ങളോ ശക്തികളോ ആണ് പ്രപഞ്ചത്തെ ഭരിക്കുന്നതെന്ന തത്വവാദമാണ്. ദ്വന്ദ്വാത്മകത്വം അഥവാ ദ്വൈതവാദം. ഒരു ജോഡി യാഥാർത്ഥ്യങ്ങളിലെ ഒരു ഘടകം മികച്ചതും ശ്രേഷ്ഠവും മേല്ക്കോയ്മയുള്ളതും കർമ്മക്ഷമവും ആണെന്നും, മറ്റേത് താരതമ്യേന നിസ്സാരവും അപ്രധാനവും കീഴേക്കിടയിലുള്ളതും നിഷ്ക്രിയവുമായതാണെന്നുള്ള തെറ്റിദ്ധാരണയ്ക്കിത് ഇടം കൊടുക്കുന്നു. ഉദാ. പ്ലേറ്റോയുടെ ദാർശനിക സങ്കല്പത്തിലെ ശരീരം ആത്മാവ് എന്ന ദ്വൈതം ആത്മാവ് ശ്രേഷ്ഠവും ശരീരം കീഴ്ക്കിടയിലുള്ളതും ആണെന്ന ധാരണ ഉളവാക്കുന്നു. അദ്ധ്യാത്മികം-ഭൗതികം എന്നീ വേർതിരിവ് ഈ ഭൂമി നശ്വരവും താൽക്കാലികവും മറ്റേത് അനശ്വരവും സ്ഥായിയായതും ആണെന്ന അർത്ഥമാണുളവാക്കുന്നത്. അതുകൊണ്ടു തന്നെ പ്രകൃതിയെയും ജീവനെയും ഒന്നായി സമഗ്രമായും കാണാനുള്ള കണ്ണുകളെ ഇമ്മാതിരി ചിന്ത അന്ധമാക്കുന്നു.

വാസ്തവത്തിൽ പ്രകൃതിയിൽ അപ്രധാനവും നികൃഷ്ടവുമായി ഒന്നും തന്നെയില്ല. എല്ലാത്തിനും ഒരു സ്ഥാനവും ധർമ്മവും ഉണ്ട്. ചിലതിന്റെയൊക്കെ പ്രാധാന്യം നാം മനസ്സിലാക്കിയിട്ടില്ല എന്നേയുള്ളു. ഉദാ. ഒരു ഘടികാരത്തിന്റെ കാര്യം തന്നെ എടുക്കുക. എത്രയോ ചെറിയ ചെറിയ ഘടകങ്ങൾ കൂടി ചേർന്നാണ് ഇത് നിർമ്മിച്ചിരിക്കുന്നത് ആ ഭാഗങ്ങളെല്ലാം ശരിയാംവണ്ണം നിർവ്വഹിക്കുമ്പോഴാണ് ഘടികാരം ശരിയായി സമയം കാണിക്കുക. ഏതെങ്കിലും ഒന്നിനു മാറ്റം വന്നാൽ സമയം തെറ്റും. ജീവന്റെ കാര്യവും ഇതുപോലെയാണ്. ഒന്നിനും തനിച്ച് നിലനില്പില്ല. ഓരോ വസ്തുവിന്റെയും പ്രാധാന്യം അതു മറ്റുള്ളവയുമായി എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു. എന്നതിനെ ആശ്രയിച്ചിരിക്കും. അതുകൊണ്ട് ഓരോ വസ്തു ഉപയോഗിക്കുമ്പോഴും അതു പ്രകൃതിയിലെ വിവിധ ഘടകങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു എന്ന് നോക്കണം. നിലനില്പ് ഈ ബന്ധം കാത്തു സൂക്ഷിക്കലാണ് എല്ലാം ഒന്നാണെന്നും, എല്ലാം അന്യോന്യം ബന്ധപ്പെട്ടു കിടക്കുന്ന മഹാശൃംഖലയാണെന്നും, മനുഷ്യൻ അതിന്റെ ഒരു കണ്ണി മാത്രമാണുമെന്നു പറഞ്ഞുതരുന്ന വേദാന്തചിന്തക്കു മാത്രമേ പ്രകൃതിയെ നേരാം വിധം നോക്കി കാണാൻ നമ്മെ സഹായിക്കാനാവും. ഈ കാഴ്ചപ്പാടിനു മാത്രമേ പ്രകൃതി നശീകരണം തടയാൻ കഴിയൂ.

**പ്രകൃതിയിലെ ഏകത്വവും മനുഷ്യന്റെ അന്യവല്ക്കരണവും**

ഭാരതത്തിലെ ഋഷിവര്യന്മാർ സഹസ്രാബ്ദങ്ങൾക്ക് മുമ്പ് തിരിച്ചറിഞ്ഞ ഈ ഉപനിഷത് സത്യം ആധുനിക പരിസ്ഥിതി നിർവ്വഹണത്തിലെ കാതലായ വിഷയമായി മാറിയിരിക്കുന്നു. അഖിലാണ്ഡത്തിലെ ജീവന്റെ വഴിയുമായി ബന്ധിപ്പിക്കുക (Connect with the World wide web of Life) എന്ന മുദ്രാവാക്യം, ലോക പരിസ്ഥിതി ദിനമായ കഴിഞ്ഞ ജൂൺ മാസം 5-ാം തീയതി യുണൈറ്റഡ് നേഷൻസ് എൻവയൺമെന്റ് പ്രോഗ്രാമിന്റെ (UNEP) എക്സിക്യൂട്ടീവ് ഡയറക്ടർ ക്ലോസ് ടോയിപർ പ്രഖ്യാപിച്ചപ്പോൾ, എല്ലാ അസ്തിത്വത്തിലും അന്തർലീനമായിരിക്കുന്ന അടിസ്ഥാനപരമായ ഈ ഏകത്വത്തെക്കുറിച്ചുള്ള ഭാരതീയ ദർശനത്തിന്റെ പുനരാവിഷ്ക്കരണമാണ് നടത്തിയത്. നിർഭാഗ്യമെന്നുപറയട്ടെ, ആധുനിക മനുഷ്യ ബൗദ്ധിക വിജ്ഞാന പൂർത്തീകരണമുണ്ടായിട്ടും ഈ അടിസ്ഥാന യാഥാർത്ഥ്യം ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രകൃതിയുമായുള്ള നിരന്തരസഹവർത്തിത്വത്തിന്റെ ഫലമായി നമ്മുടെ മഹർഷിമാർക്കും യോഗികൾക്കും ദിവ്യസ്ഫുലിംഗങ്ങളിലൂടെ (flashes) ലഭിച്ച ഈ ദിവ്യജ്ഞാനം അന്യവത്ക്കരിക്കപ്പെട്ട ആധുനിക മനുഷ്യനു നഷ്ട

1. Rose Mary R. Reuther " Ecofeminism and Theology" in Ecotheology: Voices from south and North. Ed. by David G. Hall man, Geneva, WCC Publication 1994

പ്പെട്ടു. "സത്യം ഒന്നേയുള്ളു, ജ്ഞാനികൾ അതിനെ പലതെന്നു വിളിക്കുന്നു." എന്നാണ് ഋഗ്വേദത്തിലെ ഒരു പ്രമുഖവാക്യം. ഈ പ്രപഞ്ചം മുഴുവൻ ഒരേ സത്തയുടെ വിവിധ രൂപങ്ങളാണെന്നറിയുന്നവന് "ഭയമെവിടെ, സങ്കടമെവിടെ ശത്രുതയെവിടെ" എന്ന് ഈശാവാസ്യോപനിഷത്ത് ചോദിക്കുന്നു. പ്രകൃതിയിലെ ഈ ഏകത്വത്തെ പരിസ്ഥിതിയുടെ ആത്മീയതയിലൂന്നിയ വേദവാക്യങ്ങളുടെ വെളിച്ചത്തിൽ അന്വേഷിച്ചനാവരണം ചെയ്യാനുള്ള ദൗത്യം സഭകൾ ഏറ്റെടുക്കേണ്ടതാണ്.

എല്ലാം ഒന്നായും സമഗ്രമായും കാണുന്നതിനു പകരം പാശ്ചാത്യ വീക്ഷണത്തിൽ പ്രകൃതിയെ ദർശിക്കുന്നത് അന്ധന്മാർ ആനയെ കണ്ടതുപോലെയാണ്. പക്ഷിയെ കാണുന്നവർ അവ വസിക്കുന്ന മരത്തെ കാണുന്നില്ല. ചിലർ മൃഗങ്ങളെ, ചിലർ പുഴകളെ, ചിലർ തടാകങ്ങളെയും, ചിലർ സമുദ്രത്തെയും ആകാശത്തെയും. മറ്റു ചിലർ മലിനീകരണത്തെ മാത്രമേ കാണുന്നുള്ളു. ചിലതിനെയൊക്കെ ചൂഷണം ചെയ്യപ്പെടേണ്ട വിഭവങ്ങളായാണ് നമ്മുടെ വികസനാചാര്യന്മാർ കാണുന്നത്. മാത്രമല്ല അവർ കാണുന്നതു മാത്രമാണ് പ്രകൃതി എന്നു വാദിക്കുകയും മറ്റുള്ളവരെ പുച്ഛിച്ചുതള്ളുകയും ചെയ്യുന്നു. മനുഷ്യനും ഒരു ജന്തുവാണെന്നും ഭൂമിയിലെ മറ്റു ജന്തുക്കളെ സൃഷ്ടിച്ചിരിക്കുന്ന അതേ പദാർത്ഥം കൊണ്ടാണ് അവന്റെ ശരീരവും നിർമ്മിച്ചിരിക്കുന്നത് എന്നു വിശ്വസിക്കാൻ അവർ ഇന്നും പാടുപെടുന്നു. വേദപുസ്തകത്തിലെ സഭാപ്രസംഗിയിലൂടെ ശലോമോൻ (3:18–21) ഈ സനാതനസത്യം അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം അവതരിപ്പിച്ചിരിക്കുന്നു. "മനുഷ്യർ മൃഗങ്ങൾ മാത്രമാണ്. മനുഷ്യന് ഭവിക്കുന്നത് മൃഗങ്ങൾക്കും ഭവിക്കുന്നു. രണ്ടിനും ഗതി ഒന്നുതന്നെ. അതു മരിക്കുന്നതുപോലെ അവനും മരിക്കുന്നു. രണ്ടിനും ശ്വാസം ഒന്നത്രേ, മനുഷ്യനു മൃഗത്തേക്കാൾ വിശേഷതയില്ല. എല്ലാം ഒരേ സ്ഥലത്തേക്ക് പോകുന്നു. എല്ലാം പൊടിയിൽനിന്നുണ്ടായി. എല്ലാം വീണ്ടും പൊടിയായിത്തീരുന്നു. മനുഷ്യരുടെ ആത്മാവ് മേലോട്ടു പോകുന്നുവോ? മൃഗങ്ങളുടെ ആത്മാവ് കീഴോട്ട് ഭൂമിയിലേക്ക് പോകുന്നുവോ? ആർക്കറിയാം?"

പ്രകൃതിയെ അന്യോന്യം ബന്ധമില്ലാതെ വേർപെട്ടുകിടക്കുന്ന വസ്തുക്കളായും, പ്രതിഭാസങ്ങളായും, വിഭവങ്ങളായും കണ്ടതാണ് പ്രശ്നങ്ങളുടെ തുടക്കം. ആധുനിക ശാസ്ത്രത്തിന്റെ വരവോടെ എല്ലാം വിഭജിച്ച് പഠിക്കുന്ന പ്രക്രിയ പൂർത്തീകരിക്കപ്പെട്ടു. ചേതന-അചേതന വസ്തുക്കൾ, ഉപകാരികൾ-ഉപദ്രവകാരികൾ, സസ്യങ്ങൾ-ജന്തുക്കൾ, മനുഷ്യൻ-പ്രകൃതി, ശരീരവും-ആത്മാവും എന്നിങ്ങനെ വിഭജിച്ചു കാണുന്ന രീതികൾക്ക് അതിരുകളില്ലാതായി. എല്ലാം ഒന്നായി കാണാനുള്ള കണ്ണുകൾ ആധുനിക മനുഷ്യനു നഷ്ടപ്പെട്ടു. എന്തിനേറെ, വിഭജനം വ്യക്തികളെത്തന്നെ. വികാരം, ചിന്ത, പ്രവൃത്തി എന്നിങ്ങനെ പലതായി തരംതിരിച്ചു. വിഭജനം വിഘടന വാദത്തിലും, വിഘടനവാദം ഭീകരപ്രവർത്തനത്തിലും യുദ്ധത്തിലും നമ്മെകൊണ്ടെത്തിച്ചു.

*വാസ്തവത്തിൽ പ്രകൃതിയിൽ അപ്രധാനവും നികൃഷ്ടവുമായി ഒന്നും തന്നെയില്ല. എല്ലാത്തിനും ഒരു സ്ഥാനവും ധർമ്മവും ഉണ്ട്. ചിലതിന്റെയൊക്കെ പ്രാധാന്യം നാം മനസ്സിലാക്കിയിട്ടില്ല എന്നേയുള്ളു. ഉദാ. ഒരു ഘടികാരത്തിന്റെ കാര്യം തന്നെ എടുക്കുക. എത്രയോ ചെറിയ ചെറിയ ഘടകങ്ങൾ കൂടിചേർന്നാണ് ഇത് നിർമ്മിച്ചിരിക്കുന്നത് ആ ഭാഗങ്ങളെല്ലാം ശരിയാംവണ്ണം നിർവ്വഹിക്കുമ്പോഴാണ് ഘടികാരം ശരിയായി സമയം കാണിക്കുക. ഏതെങ്കിലും ഒന്നിനു മാറ്റം വന്നാൽ സമയം തെറ്റും.*

## വേദപുസ്തകത്തിലെ പ്രകൃതി

പ്രപഞ്ചം (Universe), പ്രകൃതി (Nature) എന്നീ വാക്കുകൾ സ്പഷ്ടവും വ്യക്തവുമായി വിശുദ്ധ പുസ്തകത്തിൽ ഉപയോഗിച്ചിട്ടില്ല എന്ന് ഓർത്തിരിക്കേണ്ടതാണ്. ഇതിനടുത്ത പദപ്രയോഗം ആകാശവും ഭൂമിയും (Heaven and Earth) ആണെന്നു വേണം അനുമാനിക്കാൻ. പക്ഷേ ഇതുരണ്ടും സൃഷ്ടിയുടെ ഭാഗമായാണവതരിപ്പിച്ചിരിക്കുന്നത്. (ഉല്പത്തി 1:1) അതുകൊണ്ട് സൃഷ്ടിക്കുതന്നെയാണ് പ്രാധാന്യം. സൃഷ്ടിച്ചതെല്ലാം, പ്രപഞ്ചവും പ്രകൃതിയും ഉൾപ്പെടെ, "നല്ലത്" എന്ന് ദൈവം കണ്ടു. ഉല്പത്തി ഒന്നാം അദ്ധ്യായത്തിൽ ഏഴുപ്രാവശ്യമാണ് നല്ലത് എന്ന പദപ്രയോഗം ആവർത്തിച്ചിരിക്കുന്നത്. മനുഷ്യനുമായി ബന്ധപ്പെടുത്താതെയാണ് ചേതന-അചേതന വർഗ്ഗങ്ങളെയെല്ലാം നല്ലത് എന്ന് ദൈവം കണ്ടത് എന്നതും ശ്രദ്ധേയമാണ്. ദൈവിക നന്മയുടെ പരമോൽകൃഷ്ടമായ മൂല്യം വിളക്കിച്ചേർത്ത സമസ്ത സൃഷ്ടിയേയും സംരക്ഷിക്കണമെന്ന ഹരിതദർശനത്തോടെയാണ് വേദപുസ്തകത്തിന്റെ തിരശീല ഉയരുന്നത്. എങ്കിലും യഹൂദ-ക്രിസ്ത്യൻ പാരമ്പര്യത്തിൽ പ്രകൃതിയെ "ഡിവൈൻ" (Divine) ആയല്ല വീക്ഷിക്കുന്നത്. കാരണം, ഇതു ദൈവമല്ല, ദൈവിക സൃഷ്ടിയിലെ യാഥാർത്ഥ്യം മാത്രമാണ്. ദൈവവുമായി താദാത്മ്യപ്പെടുമ്പോൾ മാത്രമാണവയ്ക്കും പരിശുദ്ധിയുടെ പരിവേഷം ലഭിക്കുന്നതെന്നർത്ഥം.

അങ്ങനെ [2] ക്രിസ്തീയ വീക്ഷണത്തിൽ പ്രകൃതി എന്ന ഭാവുകത്വം ദൈവത്തെ ആദിയും അന്തവുമായി ബന്ധിപ്പിക്കുന്ന പരസ്പരാശ്രിതത്തിലെ നിയമങ്ങളുടെ വലയത്തിൽ സൃഷ്ടിക്കപ്പെട്ട ഈ പ്രപഞ്ചത്തെത്തന്നെയാണ്. മൗലികമായ അവ്യവസ്ഥയിൽ നിന്ന് സർവ്വ സൃഷ്ടിയേയും മെനഞ്ഞെടുത്ത ദൈവം ഈശ്വരകൃതമായ കടാക്ഷം ചൊരിയുമ്പോൾ മാത്രമാണ് അവ ചൈതന്യാത്മകമാകുന്നതെന്ന് പഴയനിയമത്തിൽ കാണുന്നു. അതായത്, പാഴായും ശൂന്യമായുമിരുന്ന അവ്യവസ്ഥയിൽ നിന്ന് ദൈവത്തിന്റെ ബുദ്ധിയുടെയും, ശക്തിയുടെയും, നന്മയുടെയും പ്രതീകമായി രൂപം കൊണ്ട് ക്രമവും സൗന്ദര്യവും നിറഞ്ഞു നില്ക്കുന്ന ഒരു ലോകത്തെയാണ് പഴയനിയമത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. പ്രകൃതിയിലെ എല്ലാ പ്രതിഭാസത്തിലും സ്രഷ്ടാവിന്റെ പ്രകടമായ സാന്നിദ്ധ്യവും വ്യാപനവുമാണ് കാണുന്നത്. ഇടിമുഴക്കം അവന്റെ ശബ്ദവും (സങ്കീ. 29), പ്രകാശം അവന്റെ വസ്ത്രവും, കാറ്റും അഗ്നിജ്വാലയും അവന്റെ ദൂതന്മാരും (സങ്കീ. 104:2–4) ആകുന്നു. എങ്കിലും അവൻ പ്രകൃതി-ദൈവം (Nature God) അല്ലതാനും.

പുതിയനിയമത്തിലാവട്ടെ, യേശുക്രിസ്തുവിന്റെ പ്രകൃതിയുമായുള്ള ഗാഢസൗഹൃദത്തിന്റെ മൂർത്തിഭാവമായ സ്നേഹപ്രകടനമാണ് വെളിവാകുന്നത്. ഉപമകളിലെ പക്ഷികളും, പുഷ്പങ്ങളും, വിത്തുകളും പ്രകടമാകുന്ന പാരിസ്ഥിതികദർശനം ആത്യന്തികമായി സമസ്തസൃഷ്ടികളും യേശുക്രിസ്തുവിന്റെ പ്രാപഞ്ചിക ധർമ്മവ്യവസ്ഥയുടെ ഏകീകരണത്തിനും പൂർത്തീകരണത്തിനുമുള്ള ദൈവികോദ്ദേശ്യത്തിന്റെ പ്രകാശനമായാണ് പുതിയ നിയമത്തിന്റെ പാരിസ്ഥിതിക പുനർവായനയിലൂടെ വെളിപ്പെടുന്നതെന്ന് [3] പോൾ സാൻറ്റ്മർ അഭിപ്രായപ്പെടുന്നു. പ്രകൃതിയെക്കുറിച്ചുള്ള വ്യാഖ്യാനത്തിലൂടെയാണ് വി. പൗലൂസ് ദൈവത്തെക്കുറിച്ചുള്ള തന്റെ സങ്കല്പം തന്നെ അവതരിപ്പിക്കുന്നു. (അപ്പോ. പ്രവൃത്തികൾ 17:24–26: റോമർ 1:20). വ്യർത്ഥകാര്യങ്ങളെല്ലാം വിട്ട്, ആകാശവും ഭൂമിയും, സമുദ്രവും അവയിലുള്ളതെല്ലാം ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിലേക്കു തിരിയാനുള്ള സുവിശേഷമാണ് വി. പൗലൂസ് പുരുഷാരത്തിനിടയിലേക്കോടിച്ചെന്നു പറയുന്നത്. (അപ്പോ. പ്രവ. 14:14–17). പാപത്തിന്റെ ഫലമായി പ്രകൃതി ദുഷിക്കപ്പെട്ടുവെങ്കിലും പ്രകൃതിയെക്കുറിച്ച് അദ്ദേഹം ശുഭാപ്തി വിശ്വാസം വച്ചു പുലർത്തി. (റോമർ:7–18; 8:28). ഈ വിശ്വാസത്തിന്റെ പൂർത്തീകരണത്തിന് പ്രകൃതി ഉൾപ്പെടെ സകല സൃഷ്ടിയും സംരക്ഷിക്കാനുള്ള പ്രത്യേക ബാദ്ധ്യത ക്രിസ്തീയ സമൂഹം ഏറ്റെടുക്കാൻ, ക്രൈസ്റ്റ്, ദ് ലോർഡ് ഓഫ് ക്രിയേഷൻ, എന്ന ഗ്രന്ഥത്തിലൂടെ [4] ജെ. ഡെലോബെൽ നമ്മേ ആഹ്വാനം ചെയ്യുന്നു. ഈ ദൗത്യം ഇക്കോളജി എന്ന ശാസ്ത്രമേഖലയ്ക്കപ്പുറമുള്ള ഒരു വിശ്വാസ ദർശനത്തിന്റെ ഭാഗമാവണമെന്നാണദ്ദേഹത്തിന്റെ അഭിപ്രായം. ●

2. M.J. Dorenkemper, "Nature" in D.I. Eggenberger, 'the New Catholic Encyclopedia, Vol:10, NewYork, 1967
3. Paul Santmire: 'The Travail of Nature: The Ambiguous Ecological Promise of Christian Theology, Philadelphia, 1985.
4. J. Delobel "Christ in the Lord of creation", in Louvain Studies 16 (1991)


കവിത

## "വിശുദ്ധ രാത്രി"

ഇ. വൈ. കോശി, വെൺമണി

ബേതലഹേമിൽ കാലിത്തൊഴുത്തിൽ
ദേവാധിദേവൻ പിറന്ന രാത്രി
മാലാഖമാർ ആകാശ വീഥിയിൽ
ചിറകടിച്ചെത്തിയ രാത്രി.
ഊഴിയിലേഴകൾ ആമോദരായി
ആർത്തു പാടിയ രാത്രി.
രജനീഗന്ധിപൂത്ത രാത്രി
പൂക്കൾ പൂന്തേൻ ചൊരിഞ്ഞ രാത്രി.
രാപ്പാടി രാഗം മൂളിയ രാത്രി
താരങ്ങൾ താരായ്ത്തീർന്ന രാത്രി
ചന്ദനച്ചാറു പരത്തി ചന്ദ്രിക
പനിനീർതൂകിയ രാത്രി.
ആകാശം പ്രഭചൊരിഞ്ഞ രാത്രി,
ആഴികൾ തുള്ളിക്കളിച്ച രാത്രി,
ആടുകൾ സന്ദേശം കേട്ട രാത്രി,
മാമല കോരിത്തരിച്ച രാത്രി.
പ്രാലേയം തൂകിയ പൂതമാം രാത്രി
പാരിടം കാതോർത്തു നിന്ന രാത്രി.
കാട്ടാറുകളകളം പാടിയ രാത്രി,
ഇളം തെന്നൽ ചാമരം വീശിയ രാത്രി
ദാവീദിൻ വംശജൻ ദീനദയാലു,
നാകം വെടിഞ്ഞൂഴിയിൽ പിറന്ന രാത്രി
ദുഃഖിതർ പീഡിതരദ്ധ്വാനിക്കുന്നോർക്കു;
അല്ലലകന്നോരു പുണ്യരാത്രി. ●

*For Favours Received*



VARGHESE MAPPILAI, *KUTTOOR*

ഫാ. റ്റി. ജി. സഖറിയ

നാടകം

# നക്ഷത്രം പോയ വഴി

തോമസ് പി. കൊട്ടാരക്കര

യുവജനങ്ങൾക്കും സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾക്കും ദേവാലയങ്ങളിലവതരിപ്പിക്കത്തക്കവണ്ണം തയ്യാറാക്കിയിട്ടുള്ള നാടകമാണിത്. യേശു കുഞ്ഞിന് കാഴ്ച്ചകളുമായ് എത്തിയ വിദ്വാന്മാർ നാലുപേരായിരുന്ന് എന്ന പാരമ്പര്യ കഥയാണ് ഈ നാടകത്തിന്റെ കഥാതന്തു. നാലാമനായ ആർത്താബാന്റെ യേശു കുഞ്ഞിനെ തേടിയുള്ള അന്വേഷണത്തിൽ നാടകം ചുരുളഴിയുന്നു.

## രംഗം

സൂത്രധാരൻ: ലോകരക്ഷകന്റെ ജനന സമയത്ത് പേർഷ്യൻ സാമ്രാജ്യത്തിലെ ഒരു പുരോഹിത. വർഗ്ഗമായ മാഗികൾ ഒത്തുചേർന്ന് ഒരു സുദീർഘ ചർച്ചയിലേർപ്പെടുന്നു. തിരുജനനത്തിൽ കാഴ്ചകളുമായി എത്തിച്ചേർന്ന ഇവർ മൂന്നു പേരല്ലായിരുന്നു എന്നും നാലാമനായ അർത്താബാനുൾപ്പെടെയുള്ളവർ ആയിരുന്നു എന്നും ഐതിഹ്യങ്ങൾ സാക്ഷിക്കുന്നു. അർത്താബാൻ കർമ്മജ്ഞാനിയായിരുന്നു. കർമ്മങ്ങളിലൂടെ യാത്ര സഫലീകരിച്ച അദ്ദേഹത്തെ മുൻനിർത്തി ഈ ലഘുനാടകം അവതരിപ്പിക്കട്ടെ.


(കർട്ടൻ ഉയരുന്നു. വേദിയിൽ മൂന്നു പേർ കാസ്പർ, മെൽക്കിയോർ, ബൽത്താസാർ. പ്രായമേറിയ മെൽക്കിയോർ ഇരിക്കുന്നു. നേർത്ത പശ്ചാത്തല സംഗീതം)

കാസ്പർ: (ചിന്തിച്ചു കൊണ്ട്) ആകാശത്തിന്റെ ഉത്തര ഭാഗത്ത് നാം ദർശിച്ച ഈ അപൂർവ്വ നക്ഷത്രം ഈ ഭൂമിക്കു സംഭവിക്കുന്ന വലിയ മാറ്റമായേ ഞാൻ കാണുന്നുള്ളൂ.

ബൽത്താസാർ: (സാവധാനത്തിൽ) ഭൂമിയുടെ മാറ്റം എന്നതുകൊണ്ട് പ്രകൃതിക്കു വന്നു ഭവിക്കുന്ന വ്യതിയാനങ്ങൾ മാത്രമാണ് എന്ന് കാസ്പർ ധരിക്കരുത് (തിരിഞ്ഞു നിന്ന്) ഇതു ഭൂമിയുടെ ചിന്താഗതിയിൽ വരുന്ന മാറ്റമാകാം, ചരിത്രത്തിൽ വരുന്ന മാറ്റമാകാം.

കാസ്പർ: (വിരലുയർത്തി) വ്യക്തികളുടെ ജനനവുമായി നക്ഷത്രം ബന്ധപ്പെട്ടിരിക്കുമ്പോൾ ഇത്തരമൊരു മാറ്റം വരുത്താൻ ആർക്കെങ്കിലും കഴിയുമോ? (നിർത്തുന്നു) യുദ്ധവീരനായ അലക്സാണ്ടറുടെ കാലത്തു പോലും പടിഞ്ഞാറേ കോണിലെ ധ്രുവ നക്ഷത്രത്തിന് ചെറിയ മാറ്റം മാത്രമേ കണ്ടെത്തിയുള്ളൂ.

മെൽക്കിയോൻ: (പതുക്കെ എഴുന്നേറ്റ് കൊണ്ട്) ഇത് മുമ്പ് ദീർഘദർശനക്കാർ രേഖപ്പെടുത്തിയിട്ടുണ്ട്. പലസ്തീനിലെ അപ്പത്തിന്റെ നാട്ടിൽ സംഭവിക്കേണ്ട ഒരു വലിയ ജനനം (വിരലുയർത്തുന്നു) ഭൂമിയെ മുഴുവൻ സ്വാധീനിക്കുന്ന ഈ വ്യക്തി, നക്ഷത്രവുമായി ബന്ധപ്പെടുത്തുമ്പോൾ ഒരു വലിയ പ്രഭുവാണ്. എന്റെ ഊഹം തെറ്റിയിട്ടില്ലെങ്കിൽ ഒരു വലിയ രാജാവ് (തലയുയർത്തി മുഴക്കത്തിൽ) ഒരു ലോക രാജാവ്. (പശ്ചാത്തല സംഗീതം ഉയരുന്നു.)



(മറ്റു രണ്ടു പേരും തലകുലുക്കുന്നു) ശരിയാണ്.

കാസ്പർ: അതിനുതന്നെയാണ് സാദ്ധ്യത

മെൽക്കിയോൻ: എവിടെ അർത്താബാനെവിടെ അദ്ദേഹമല്ലേ ഈ നക്ഷത്രം ആദ്യം കണ്ടെത്തിയത്.

കാസ്പർ: ആ ചന്തക്കവലയിലെ കിഴവിത്തള്ളയുടെ കിണറിന് സ്ഥാനം കാണാൻ പോയിരിക്കുവാ.. പാവം അവരെയൊന്നും തിരിഞ്ഞു നോക്കാൻ ആളില്ല..... ദാ ആർത്താബൻ ഓടി വരുന്നുണ്ട്.

അർത്താ: (അർത്താബൻ ധൃതിയിൽ വരുന്നു. അവരുടെ സമീപം നിന്നു കൊണ്ട് രണ്ടു കൈയ്യുമെടുത്ത് സംസാരിക്കുന്നു) കാര്യങ്ങളൊക്കെ ഞാൻ ഊഹിച്ചിട്ടുണ്ട്. (ഒന്നു നിശ്വസിച്ചു കൊണ്ട്) ഇതൊരു സാധാരണ ജനനമല്ല അപൂർവ്വ സംഭവമായിരിക്കും. നാം തീർച്ചയായും പോകണം പാർത്ഥ്യ പുരോഹിതന്മാർ ഒരിക്കലും രാജാക്കന്മാരെ ബഹുമാനിക്കുന്നതിൽ പിന്നിലല്ല. എന്തു പറയുന്നു ആചാര്യ മെൽക്കിയോൻ?

മെൽക്കി: വേണം, പോയേ തീരൂ! പക്ഷേ നാമിവിടെ യഥാർത്ഥത്തിൽ ദരിദ്രരാണ് എടുത്താൽ പൊങ്ങാത്ത പൗരാണിക സ്ഥാനമാനങ്ങൾ മാത്രം ബാക്കി. ഈ മഹാരാജാവിന് സമ്മാനം വേണം, പോകാൻ യാത്രച്ചെലവ്, ഒട്ടകം, മറ്റു പലതും. ഇത് സാധിക്കുമോ അർത്തബാൻ? (നേർത്ത പശ്ചാത്തല സംഗീതം)

അർത്ത: ലോകം കീഴ്മേൽ മറിയാൻ പോകയാണ്. ഈ രാജാവാണ് ഇനി ലോകകേന്ദ്രം നമുക്കുള്ള..... (നിർത്തി വിക്കുന്നു.......) നമ്മുടെ നിലങ്ങൾ പണയം വച്ച് യാത്ര ചെയ്തു കൂടെ? (ചോദ്യ ഭാവത്തിൽ നോക്കുന്നു)

ബൽ: അത് ഒരു നല്ല വഴിയാണ്

മെൽ: (എഴുന്നേറ്റ് കൈയുയർത്തി) അത് ശരിയാണ്, അങ്ങനെതന്നെ നമുക്ക് ചെയ്യാം ഇത് ഒഴിച്ചു കൂടാനാവാത്ത ഒരു ആവശ്യമാണ് കാസ്പർ, ബൽത്താസർ യാത്രയ്ക്ക് ഒരുങ്ങിക്കൊള്ളൂ.



(കർട്ടൻ താഴുമ്പോൾ) സൂത്രധാരൻ: പുരാതന പാർത്ഥ്യ രാജ്യത്തെ പുരോഹിത ജ്ഞാനികൾ യാത്ര പുറപ്പെടുകയാണ് അപ്പത്തിന്റെ നാട്ടിൽ പിറന്ന രാജാവിനു വേണ്ടി

## രംഗം 2

(കർട്ടനുയരുന്നു അർത്താബാൻ നടന്നു വരുന്നു. ഒരു മുറിയിൽ ഒരാൾ ചുരുൾ നിവർത്തി നോക്കുന്നു. അർത്താബാനെ കണ്ട് അയാൾ എഴുന്നേല്ക്കുന്നു.)

അപരൻ: ങ്ഹാ അങ്ങെത്തിയോ? ഗുരുക്കന്മാർ നാഴിക പുലരും മുമ്പെ യാത്ര പുറപ്പെട്ടു. അങ്ങെത്തിയാൽ തിഗ്രീസ് തീരത്തു വച്ച് കണ്ടു മുട്ടാമെന്നു പറഞ്ഞിട്ടുണ്ട്.

ബൽ: വൈകിപ്പോയി (തിരിഞ്ഞ് നിന്ന്) എനിക്ക് യാത്രാവാഹനം ലഭിച്ചില്ല (രണ്ടും കൈയും മലർത്തുന്നു). ഇനി ശൂശനിൽ ചെന്ന് മൊത്ത കച്ചവടക്കാരിൽ നിന്നേ അത് കിട്ടുകയുള്ളൂ. ഒരു നല്ല വഴിക്ക് തിരിഞ്ഞാൽ നാശങ്ങൾ പലതാണല്ലോ ആട്ടെ അവർ സമ്മാനങ്ങൾ വാങ്ങിയോ?

അപരൻ: രാജാവിന് പൊന്നും, ദൈവ-മനുഷ്യ മദ്ധ്യവർത്തിയായവന് പ്രാർത്ഥനാ മാധ്യമമായ കുന്തിരിക്കവും പിന്നെ....അവന്റെ കബറടക്കത്തിനായി മൂരുമാണ് കൊണ്ടു പോയിരിക്കുന്നത്. (അല്പം നിർത്തി) അങ്ങെന്താണ് സമർപ്പിക്കുന്നത്.

അർത്താബാൻ: (നേരിയ സംഗീതം) ഞാൻ അവന്റെ കിരീടത്തിലണിയാൻ വിലയേറിയ മൂന്ന് രത്നങ്ങളാണ് കൊണ്ടുപോകുന്നത്. (അർത്താബാന്റെ കണ്ണുകൾ തിളങ്ങുന്നു) മൂന്ന് മനോഹര രത്നങ്ങൾ... ഞാനും യാത്ര പുറപ്പെടുകയാണ്. ശൂശൻവഴി പോകുന്നതിനാൽ അവരെ തിഗ്രീസ് തീരത്ത് ചിലപ്പോൾ കണ്ടെത്താനാവില്ല എങ്കിലും വേഗത്തിൽ സഞ്ചരിച്ചു നോക്കാം.

അപര: അങ്ങനെയാകട്ടെ ഗുരോ

(അർത്താമാൻ ദൂരെ നോക്കി പതുക്കെ തലയാട്ടുന്നു.... പശ്ചാത്തല സംഗീതം ഉയരുന്നു....) കർട്ടൻ

## രംഗം 3

സൂത്രധാരൻ: അർത്താബാൻ ശൂശനിലെത്തി വാഹനമൃഗത്തെ വാങ്ങാതെ അതിന്റെ പണം ഒരു അടിമയ്ക്കു നല്കിയതിനാൽ നടന്നു യാത്ര തുടങ്ങി. അപ്പോഴേക്കും സഹയാത്രികർ ത്രിഗ്രീസ് തീരം കടന്നിരുന്നു. അർത്തബാൻ പേർഷ്യൻ ഉൾക്കടലിന്റെ തീരദേശത്തുകൂടി സഞ്ചരിക്കുമ്പോൾ സഹയാത്രികർ രാജാവായി പിറന്നവനെ തേടി ഹേറോദാവിന്റെ കൊട്ടാരത്തിലെത്തിയിരുന്നു. തനിക്കെതിരെ പിറന്ന രാജാവിനെ നിഗ്രഹിക്കാൻ രാജ്യമെമ്പാടുമുള്ള ശിശുക്കളെ കൊന്നൊടുക്കാൻ കല്പന പുറപ്പെടുവിച്ചു. പൗരാണിക റോമാ സാമ്രാജ്യത്തിന്റെ പ്രവിശ്യകളിൽ ചോര മണക്കുന്ന കുഞ്ഞുങ്ങൾ രക്തസാക്ഷിത്വം വഹിക്കയാണ് പിറന്നുവീണ രാജാവിനു വേണ്ടി. റാമയിൽ ഒരു നിലവിളി കേൾക്കുമെന്നും റാഹേൽ തന്റെ മക്കളെച്ചൊല്ലി കരയുമെന്നുമുള്ള പ്രവചനം പൂർത്തീകരിക്കുമ്പോഴേക്കും റോമാ പ്രവിശ്യയിൽ അർത്തബാനെത്തിച്ചേരുന്നു.

(കർട്ടനുയരുന്നു. രംഗം ശൂന്യം. വീടിന്റെ മുറ്റമാണ്. അകത്ത് അമ്മയുടെ നിലവിളി കുഞ്ഞിന്റെ പിള്ളക്കരച്ചിൽ, കൂട്ടനിലവിളി. ആക്രോശ ശബ്ദങ്ങൾ അർത്താബാൻ ഭാണ്ഡവും തൂക്കി നടന്നു വരുന്നു.)

അർത്ത: (ഉറക്കെ-വശത്തേക്കു നോക്കി) ഹേയ്..... എന്താണവിടെ നില്ക്കൂ.

(അവിടെ നിന്നും ഒരു പടയാളി ഇറങ്ങി വരുന്നു. റോമൻ പട്ടാളവേഷം. കരച്ചിൽ കുറയുന്നു.)

പടയാളി: ഇത് രാജകല്പനയാണ് (ആക്രോശിച്ചു കൊണ്ട്) രാജാവിനെതിരേ പ്രവർത്തിക്കാൻ കരുത്തൻ പിറന്നിട്ടുണ്ട് പോലും. (ഉറക്കെ) കൊന്നൊടുക്കുകയാണ്, 2 വയസ്സിനു താഴെയുള്ളതെല്ലാം 2 ദിവസത്തിനുള്ളിൽ ചത്തു വീഴും.

(അർത്താബാന്റെ മുഖം ദുഃഖത്താൽ നിറയുന്നു. നെഞ്ചടിച്ചു കൊണ്ടു എന്റെ രാജാവേ എന്നു വിളിക്കുന്നു)

പട: ങ്ഹേ എന്താ പറഞ്ഞത്?

അർത്ത: അല്ലാ.......ഞാൻ നിങ്ങൾക്ക് വിലയേറിയ ഒരു രത്നം നല്കാം.

പട: രത്നമോ? എവിടെ? കൈ നീട്ടുന്നു

അർത്ത: (വിക്കിക്കൊണ്ട്) പറയാം... പക്ഷേ താങ്കൾ ഈ കുഞ്ഞിനെ കൊല്ലരുത്.

പട: അയ്യോ! രാജകല്പനയാണിത്..... (വിക്കുന്നു. ചുറ്റും നോക്കുന്നു തലകുലുക്കി പതിയെ ഭാണ്ഡത്തിൽ നോക്കിക്കൊണ്ട് രത്നമൊന്നു കാണട്ടെ........ വരു, ഞാൻ നല്കാം. (അകത്തു നിന്നും മാതാവ് ഇറങ്ങി വന്ന് സാവധാനം കൈ കൂപ്പി അർത്താബാന്റെ കാല്ക്കൽ വീണ് പൊട്ടിക്കരയുന്നു. അത്തബൻ അവരുടെ തോളിൽ കൈവച്ച് ഗദ്ഗദത്തോടെ....) സഹോദരീ നിങ്ങളുടെ കുഞ്ഞിനെ ഇനി അവൻ കൊല്ലുകയില്ല

അമ്മ: (കണ്ണടച്ച് ശാന്തയായി) അങ്ങാരാണ്? എവിടെ പോകയാണ്?

അർത്ത: (ദൂരേക്ക് ഇമവെട്ടാതെ നോക്കിക്കൊണ്ട്) ഞാൻ.... ഞാൻ നിങ്ങളുടെ കുഞ്ഞിന്റെ സ്നേഹിതനെ തേടിയുള്ള യാത്രയിലാണ് (കൈ മാറ്റിക്കൊണ്ട് നിശ്വസിച്ച് പോകട്ടെ!

(അർത്താബാൻ നീങ്ങുന്നു....... കർട്ടൻ)

## രംഗം 4

സൂത്ര: അർത്താബാൻ യാത്ര തുടരുകയാണ്. റോമാ പ്രവിശ്യയുടെ ഓരങ്ങളിലുള്ള മിദ്യാൻ കൂട്ടങ്ങളെ കടന്ന് കണ്ടു മുട്ടുന്നവർക്കും, സഹായം ചോദിക്കുന്നവർക്കും ഉപകാരങ്ങൾ ചെയ്ത് റോമൻ അധിനിവേശ പലസ്തീനിൽ കാലു കുത്തിയപ്പോൾ മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്കു കേൾപ്പാനായി നഗരം വളർന്നിരുന്നു. കർത്താവിന്റെ പാതകളെ ഒരുക്കുവാൻ ആഹ്വാനം ചെയ്യുന്നവനെത്തേടി ജനങ്ങൾ പായുമ്പോൾ... തന്റെ രാജാവിന് സമ്മാനിക്കാനുള്ള ബാക്കി രത്നങ്ങളുമായി അർത്താബാൻ നഗരം ചുറ്റുകയാണ്. അർത്താബാന് പ്രായമേറെച്ചെന്നിരിക്കുന്നു.......

(കർട്ടൻ ഉയരുന്നു. റോഡ് പരുക്കേറ്റ യാത്രികൻ കിടക്കുന്നു. അർത്താബാൻ സാവധാനം നടന്നു വരുന്നു കൈയിൽ വടി പിടിച്ച് പ്രായമേറെയായ രീതിയിലാണ് വരുന്നത്. യാത്ര ചെയ്ത് മുഷിഞ്ഞിരിക്കുന്നു. അർത്താബാൻ അടുത്തു ചെന്ന് കുനിഞ്ഞ് യാത്രികനെ തട്ടി വിളിക്കുന്നു. യാത്രികൻ ഞരങ്ങുന്നു. അതുവഴി മറ്റൊരാൾ കടന്നു വരുന്നു.)

അർത്ത: ഏയ് ഒന്നു നിന്നേ

(സഞ്ചാരി തിരിഞ്ഞു നോക്കുന്നു)

അർത്ത: അല്ലാ, ഇയാൾക്കെന്തു പറ്റി? ആരാണ് ഇത്ര ക്രൂരമായി കല്ലെറിഞ്ഞത്?

സഞ്ചാരി: (സംശയത്തോടെ) നിങ്ങളീ നാട്ടുകാരനല്ലേ? (അല്പം നിർത്തി) ങ്ഹാ, ഇയാളൊരു കുഷ്ഠരോഗിയായിരുന്നു.

അർത്ത: കുഷ്ഠരോഗിയോ? ഇത്

ഏറുകൊണ്ട പാടല്ലേ?

സഞ്ചാരി: ശൗലിനെപ്പോലെ പ്രവചിക്കാതെ നില്ല്, പറഞ്ഞു തീരട്ടെ. ഇയാളെ ആ നസ്രായനായ യേശു സുഖപ്പെടുത്തി. (നിർത്തി) അതിന്റെ ബാക്കി സംഭവങ്ങളാ ഈ കാണുന്നത്. ഈ ശാസ്ത്രിമാരും, പുരോഹിതരും വിധിക്കുന്നത് അല്പം കടന്നു പോകുന്നു. (ആകാശത്തേക്ക് നോക്കി) മശിഹായേ അങ്ങ് വാസ്തവമായും വന്നുവോ ഇല്ലയോ? (മുഷ്ടി ചുരുട്ടി) റോമൻ ഭരണം, നശിച്ച നികുതി. എന്നാണൊരു മോചനം. ദാ (ചൂണ്ടിക്കൊണ്ട്) ഒരു രക്തസാക്ഷി ഇവിടെ കിടക്കുന്നു.

അർത്ത: (എഴുന്നേല്ക്കുന്നു. കണ്ണുകൾ പ്രകാശിക്കുന്നു) ആരു സുഖപ്പെടുത്തിയെന്നാണ് പറഞ്ഞത്.

സഞ്ചാ: (സംശയത്തോടെ) എന്താ..... ആ നസ്രായൻ യേശു.

അർത്ത: (സന്തോഷഹത്തോടെ) ബേദ്ലഹേമിൽ ജനിച്ച യേശു, അപ്പത്തിന്റെ ഭവനത്തിൽ നിന്നുള്ള രാജാവ്.. (സഞ്ചാരിയുടെ കൈയ് കടന്നു പിടിച്ച്) പശ്ചാത്തല സംഗീതം കൂടുന്നു). നിങ്ങളെ എനിക്ക് വിശ്വാസമാണ്. എനിക്ക് അത്യാവശ്യമായി ബഹുദൂരം പോകേണ്ടതുണ്ട്. അതിനാൽ ഈ മനുഷ്യനെ ഒന്നു സഹായിക്കണം. ഞാൻ..... ഞാൻ.... എന്താണ് പ്രതിഫലമായി തരേണ്ടത് (അങ്കലാപ്പോടെ ഒരു രത്നം നിങ്ങൾക്ക് തരാം).

(സഞ്ചാരിയുടെ കണ്ണ് തിളങ്ങുന്നു.)

അർത്താ: ദൈവത്തിന്റെ നാമത്തിൽ ഇയാളെ രക്ഷിക്കൂ. ഇയാളെ നമുക്കാ അത്തിയുടെ ചുവട്ടിലേക്ക് മാറ്റാം.

(പശ്ചാത്തല സംഗീതം ഉയരുന്നു...... ഇരുവരും ചേർന്ന് അയാളെ എഴുന്നേല്പിക്കുന്നു. കർട്ടൻ)

രംഗം 5

സൂത്ര: അർത്താബാൻ തന്റെ അവശേഷിച്ച രത്നവുമായി ദൂരങ്ങൾ താണ്ടുന്നു. ആത്മാവിൽ ദരിദ്രരായവർക്കും, ഇപ്പോൾ വിശക്കുന്നവർക്കും ഭാഗ്യമോതിക്കൊണ്ട് നസ്രായനായ രാജാവ് കാല-ദേശങ്ങൾ പിന്നിട്ടപ്പോഴും അദ്ദേഹത്തെ കണ്ടെത്താൻ അർത്താബാനായില്ല-ഒടുവിൽ യേരുശലേമിൽ വൻ കലഹം നടക്കുന്നുവെന്നും ഒരു രാജ്യദ്രോഹിയെ ക്രൂശിലേറ്റുവാൻ ജനങ്ങൾ ഒരുങ്ങുന്നു എന്ന വാർത്ത കേട്ട് തന്റെ രാജാവിന്റെ മരണ ദിനം കണക്കുകൂട്ടുകയും നീചന്മാരേപ്പോലുള്ള അവന്റെ മരണത്തേയും മുൻ കണ്ട് അർത്താബാൻ യരുശലേമിലെത്തുന്നു. യേരുശലേമിലെ നാരികളേ നിങ്ങൾ എന്നെച്ചൊല്ലി കരയേണ്ടാ. നിങ്ങളേയും, മക്കളേയുമോർത്തു കേഴുവിനെന്ന് അരുളിക്കൊണ്ട് കുരിശിന്റെ വഴികൾ പിന്നിട്ട രാജാവിനെത്തേടി കാൽവരിയുടെ തീരത്തെത്തിയപ്പോഴേക്കും അർത്താബാന്റെ രാജാവ് കുരിശിലേറ്റപ്പെട്ടിരുന്നു. 6-ാം മണി നേരത്ത് ആർത്താബാൻ തലയോടിടത്ത് എത്തിച്ചേർന്നു.

(കർട്ടൻ..... പരിഭ്രാന്തനായി നടന്നു വരുന്ന അർത്താബാൻ ക്ഷീണിച്ചവശനാണ്. സ്റ്റേജിൽ മുഖം വ്യക്തമാക്കുന്ന പ്രകാശം മാത്രം. നിശ്ശബ്ദത. പെട്ടെന്ന് പിറകിലൊരാൾ നിലയുറപ്പിക്കുന്നു. മറ്റൊരാൾ മുന്നിൽ വഴി തടഞ്ഞു. കൊള്ളക്കാരാണ്. കണ്ണുകൾ മറച്ചിരിക്കുന്നു. അർത്താബാൻ കൂടുതൽ പരിഭ്രാന്തനായി കൈകൾ കൂപ്പുന്നു.)

അർത്ത: (ദയനീയമായി) എന്നെ എന്നെ..... ഒന്നും ചെയ്യരുതേ. എനിക്ക് രാജാവിനെ കാണാൻ പോകണം. ദയവായി .....ദയവായി...... (കള്ളൻ അടിക്കുന്നു. അർത്താബാൻ ഉറക്കെ കരയുന്നു) ആ എന്റെ രാജാവേ (അർത്താബാനെ അടിച്ച വശനാക്കി ഭാണ്ഡവുമായി കള്ളന്മാർ കടന്നു കളയുന്നു. ഒടുവിൽ പോയവൻ കാലുകൊണ്ട് മലർന്നു കിടന്ന അർത്താബാനെ കമഴ്ത്തിയിടുന്നു.)

അർത്ത: (പിന്നണിയിൽ നിന്നുള്ള ശബ്ദമായാലും മതി, ഗദ്ഗദനായി) നാഥാ...... 34 വർഷം മുമ്പ് ഈ ചുണ്ണാമ്പുമലയിലേക്ക് ഞാൻ യാത്ര പുറപ്പെട്ടത് ഇതിനായിരുന്നോ (തേങ്ങുന്നു)..... എന്റെ സമ്പാദ്യങ്ങൾ മുഴുവനും വിറ്റ്... ഞാൻ വാങ്ങിയ രത്നങ്ങൾ ഇതിനായിരുന്നോ? എനിക്ക് അങ്ങയെ ഒരു നോക്ക് കാണാൻ കഴിഞ്ഞില്ലല്ലോ (തേങ്ങുന്നു) ദൈവമേ ഞാൻ മരിപ്പാറായല്ലോ... (ദുഃഖ പശ്ചാത്തല സംഗീതം) (തെളിച്ചം കുറയുന്നു വേദിയിൽ ഇരുട്ട്... ഒരു ഇരമ്പൽ ശബ്ദം ഉയർന്നു വരുന്നു. വെളിച്ചം പതിയെ എത്തുമ്പോൾ ശുഭ്രവസ്ത്ര ധാരിയായ യേശു പ്രത്യക്ഷപ്പെടുന്നു. ആണിപ്പാടുകൾ, പുഞ്ചിരിക്കുന്ന മുഖം. മൃദുവായി വിളിക്കുന്നു-അർത്താബാൻ)

അർത്ത: കൈകുത്തി നോക്കുന്നു. മുഖത്ത് ഭാവവ്യതിയാനങ്ങൾ. ഓടി മുട്ടുകുത്തി യേശുവിന്റെ കാലുകളിൽ കെട്ടിപ്പിടിക്കുന്നു, കരയുന്നു) രാജാവേ.......... രാജാവേ........... അങ്ങ് ഒടുവിൽ എന്റെ പ്രാർത്ഥന കേട്ടുവല്ലോ. എന്റെ കൈയ്യിലൊന്നുമില്ലല്ലോ. അങ്ങേക്ക് തരാൻ കൊണ്ടു വന്നതെല്ലാം ചിലവഴിച്ചുവല്ലോ... (നീണ്ട തേങ്ങൽ)

യേശു: (ഗംഭീര ശബ്ദം) ആരു പറഞ്ഞു നീ എനിക്കൊന്നും ചെയ്തിട്ടില്ലെന്ന്? നോക്കൂ!

(അർത്താബാൻ തലയുയർത്തുന്നു... നേരിയ പശ്ചാത്തല സംഗീതം)

യേശു: എനിക്കു വിശന്നു... നീ എനിക്ക് ഭക്ഷിപ്പാൻ തന്നു..... ദാഹിച്ചു നീ എനിക്ക് കുടിപ്പാൻ തന്നു. ഞാൻ അതിഥിയായിരുന്നു..... നീ എന്നെചേർത്തു കൊണ്ടു നഗ്നനായിരുന്നു. നീ എന്നെ ഉടുപ്പിച്ചു. രോഗിയായിരുന്നു നീ എന്നെ കാണ്മാൻ വന്നു. തടവിൽ ആയിരുന്നു. നീ എന്റെ അരികിൽ വന്നു. (മുഴങ്ങിയ സ്വരത്തിൽ) ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നീ ചെയ്തിടത്തോളം എല്ലാം എനിക്കാകുന്നു ചെയ്തത് (നിർത്തിക്കൊണ്ട്) അർത്താബാൻ നിന്റെ സമയം തികഞ്ഞു! നിനക്കെന്നോടൊപ്പം മഹത്വത്തിലേക്ക് യാത്ര തുടരാം....

(പശ്ചാത്തല സംഗീതം ഉയരുന്നു. തെളിച്ചം കുറയുന്നു. അർദ്ധ വെളിച്ചത്തിൽ യേശുവിനെയും അർത്താബാനെയും നിർത്തി സൂത്രധാരൻ തുടരുന്നു)

സൂത്ര: അർത്താബാൻ വേദനകളില്ലാത്ത ലോകത്തിലേക്ക്, താൻ അന്വേഷിച്ചു നടന്ന രാജാവിനൊപ്പം യാത്രയായി. പേർഷ്യൻ ഉൾപ്രദേശങ്ങളിൽ നിന്നും കാൽവരി ക്കുന്നു വരെയുള്ള ആ യാത്ര സഫലമായി. തന്റെ ഒരു പുരുഷായുസ്സു മുഴുവൻ ജീവനും വിശുദ്ധിയുമുള്ള ആരാധനയായി ദൈവത്തിനു സമർപ്പിച്ചവൻ അത്യുന്നതങ്ങളിൽ സ്ഥാനമുറപ്പിച്ചു. ചരിത്രം മഷിപുരട്ടിയില്ലെങ്കിലും, ഐതിഹ്യങ്ങളിലും മനസ്സുകളിലും വർണ്ണം വിടർത്തുന്ന ഈ നാലാമത്തെ കർമ്മജ്ഞാനിയെ; സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ള ഈ സന്തോഷ സുദിനത്തിൽ ഞങ്ങൾ സമർപ്പിക്കുന്നു. ദൈവത്തെ തേടിയുള്ള നമ്മുടെ യാത്ര ഈ രീതിയിൽ പൂർണ്ണമാകട്ടെ.

(കർട്ടൻ മന്ദം താഴുന്നു.)

ശുഭം ●

ഈ ലക്കത്തിൽ കർതൃദിന ചിന്തകൾ ചില സാങ്കേതിക കാരണങ്ങളാൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല. അടുത്ത ലക്കം മുതൽ തുടരുന്നതാണ് - പത്രാധിപർ.



# സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ പങ്ക്

*എ.കെ. തോമസ് അമ്പിയിൽ (സഭാ സെക്രട്ടറി)*

മലങ്കര ഓർത്തഡോക്സ് സഭ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട രണ്ടു സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളാണ് "ഭവനസഹായ പദ്ധതിയും" "വിവാഹസഹായ പദ്ധതിയും". ഈ രണ്ടു പദ്ധതികൾക്കും സഭാ മാനേജിംഗ് കമ്മിറ്റിയുടെയും പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെയും അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി ഈ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്. എന്നിരുന്നാലും ഇതുവരെ 1995 ഭവനങ്ങൾക്കും 560 വിവാഹങ്ങൾക്കുമാത്രമാണ് കേന്ദ്രധനസഹായം നല്കുവാൻ സാധിച്ചിട്ടുള്ളത്. ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് ഈ രണ്ടു പദ്ധതികൾക്കും, കേന്ദ്ര ആഫീസിൽ ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യം കണക്കിലെടുത്താൽ, ഈ രംഗത്ത് ഇനിയും വളരെ ഏറെ ചെയ്യാൻ ഉണ്ടെന്നുള്ളത് നമുക്ക് കാണുവാൻ സാധിക്കും. യുവജനങ്ങൾക്കു ഈ പദ്ധതികളുടെ നടത്തിപ്പിന് കേന്ദ്രതലത്തിലും ഇടവക തലത്തിലും വളരെ ഏറെസഹായിക്കുവാൻ കഴിയും എന്നുള്ളത് ഒരു യഥാർത്ഥ്യമാണ്. ക്ഷീണദരിദ്ര വിഭാഗത്തിൽ പെട്ടവർക്ക് സഹായം എത്തിക്കുന്ന സാമൂഹ്യക്ഷേമ പരിപാടികൾ നടപ്പാക്കുന്നതുപോലെ തന്നെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് തൊഴിൽ രഹിതരായവർക്ക് യുവജനങ്ങൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുക എന്നുള്ളത്. തൊഴിൽ അവസരങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിച്ചാൽ തന്നെ അത് ഒരു നേട്ടമായി കണക്കാക്കാം.

മുകളിൽ വിവരിച്ച രീതിയിൽ മലങ്കര സഭയിൽ ഇപ്പോൾ നടത്തി വരുന്ന ജീവ കാരുണ്യ പ്രവർത്തനങ്ങൾ എല്ലാം തന്നെ കുറെക്കൂടി കാര്യക്ഷമമായും കൂടുതൽ ജനപങ്കാളിത്തത്തോടു കൂടിയും നടപ്പാക്കണം എന്ന ഉദ്ദേശ ലക്ഷ്യത്തോടെ പരി. ബാവാ തിരുമേനി രക്ഷാധികാരിയായി ആർദ്ര എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച വിവരം ഇതിനകം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. പരി. ബാവാ തിരുമേനി ഇക്കാര്യത്തിനുവേണ്ടി 51/2001; 107/2001 എന്നീ രണ്ടു കല്പനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സാധാരണക്കാരായ ജനങ്ങളുടെ സാമൂഹ്യ വിദ്യാഭ്യാസ സാംസ്ക്കാരിക സാമ്പത്തിക ഉന്നതിക്കായി ജാതിമതചേരിതിരുവുകൾക്കതീതമായി പ്രവർത്തിക്കുക എന്നതാണ് ഈ സൊസൈറ്റിയിലെ ലക്ഷ്യം. പ്രസ്തുത സൈസൈറ്റിയിൽ വ്യക്തിഗത അംഗത്വവും സ്ഥാപന അംഗത്വവുമാണ് വിഭാവന ചെയ്തിട്ടുള്ളത്. നല്ല രീതിയിലുള്ള മൂന്നു വർഷത്തെ പ്രവർത്തനത്തിനുശേഷം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമൂഹ്യ സേവന വികസനങ്ങളിൽ നിന്നും വലിയ തുകകളുടെ സഹായം ഈ സൊസൈറ്റി മുഖേന ജനങ്ങളിൽ എത്തിയ്ക്കാൻ സാധിക്കും. പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തന ഉദ്ഘാടനം ഈ വർഷത്തെ പരുമലപ്പെരുന്നാളിനോടനുബന്ധിച്ച് ഒക്ടോബർ 28 ഞായറാഴ്ച പരുമലയിൽ വച്ച് അംഗവൈകല്യമുള്ള 25 പേർക്ക് ക്രിത്രിമകാൽ നല്കി നിർവ്വഹിച്ചു കഴിഞ്ഞു. ഈ സൊസൈറ്റിയുടെ പ്രവർത്തനത്തിലും സഹകരിച്ച് യുവജനങ്ങൾക്ക് കേന്ദ്രതലത്തിലും ഇടവക തലത്തിലും സമൂഹത്തിന്റെ നാനാ പ്രകാരേത്തയുള്ള ഉന്നമനത്തിന് പങ്കാളികളാകാവുന്നതാണ്. ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്യുന്നതെല്ലാം എനിയ്ക്കാണെന്ന് അരുളിചെയ്ത യേശു ക്രിസ്തുവിന്റെ വാക്കുകൾ അന്വർത്ഥമാകത്തക്ക രീതിയിൽ എല്ലാ സഭാംഗങ്ങളും പ്രത്യേകിച്ച് യുവജനങ്ങളും പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കാം. ●

(വിദൂര സ്ഥലങ്ങളിലായിരിക്കുന്ന)

**നിങ്ങളുടെ പ്രീയപ്പെട്ട മാതാ പിതാക്കൾക്ക്**

* സുഖകരമായ താമസ സൗകര്യം വേണമെങ്കിൽ
* കോട്ടയം ടൗണിൽ, അതേസമയം തികച്ചും ഗ്രാമീണാന്തരീക്ഷത്തിൽ
* ഫോൺ, അറ്റാച്ചഡ് ബാത്ത്റൂം തുടങ്ങി - എല്ലാ ആധുനിക സൗകര്യങ്ങളും ഉള്ള പുതുതായി തീർന്ന അപ്പാർട്ടുമെന്റ്
* ചുങ്കം-പഴയ സെമ്മിനാരി റോഡരികിൽ
* ഏകദേശ വാടക (പ്രതിമാസം): 2000-3000 രൂപ (വിസ്തീർണ്ണമനുസരിച്ച്)

Note:- കെട്ടിടം സംബന്ധിച്ച അത്യാവശ്യ ചെലവുകൾ ഒഴികെയുള്ള വാടക തുക മുഴുവൻ ജീവ കാരുണ്യ പ്രവർത്തനങ്ങൾക്ക്-അങ്ങനെ നിങ്ങളുടെയും പരോക്ഷപങ്കാളിത്തം.

*വിശദവിവരങ്ങൾക്ക്:*


Prof. P.C. Varghese, Archana, Seminary Road, Chungam, Kottayam-1, Ph: 0481- 566001

e-mail:- pcvarghese@sancharnet.in



**M.M. John & Family**
**Chethicode**

# രാഹുവും കേതുവും



## ഡോ. ബിജി ആനി തോമസ്

സ്വാഭാവികമായി മനുഷ്യനിൽ തെറ്റുകൾചെയ്യുവാനുള്ള പ്രവണതയുണ്ട്. പക്ഷേ ചെയ്യുന്നത് തെറ്റാണെന്ന് അറിഞ്ഞിട്ടും നിസ്സാരമായി തള്ളിക്കളഞ്ഞുകൊണ്ട് ചെയ്യുന്ന തെറ്റുകൾ ഒരിക്കലും നീതികരിക്കപ്പെടുകയില്ല. നിസ്സാരമെന്നു തോന്നാമെങ്കിൽപ്പോലും തെറ്റുകൾ ചെയ്യുന്നതിൽനിന്നു കഴിവതും ഒഴിഞ്ഞിരിക്കാൻ നാം ശ്രമിക്കേണ്ടതാണ്.

പഴയകാലം മുതൽതന്നെ കല്യാണത്തിനു പുറപ്പെടുമ്പോഴും അതുപോലെ മറ്റു പല പ്രധാനപ്പെട്ട കാര്യങ്ങൾക്കും ഇറങ്ങുമ്പോഴും ഒക്കെ 98% ക്രിസ്ത്യാനികളും രാഹുകാലത്തിനു മുൻപോ പിൻപോ പുറപ്പെടണം എന്നു നിഷ്കർഷിക്കുന്നവരാണ്. ശരിയല്ല എന്നറിഞ്ഞിട്ടും നാമത് ചെയ്യുന്നു. ഇനി അതു നോക്കാത്തതു കാരണം കുഴപ്പമൊന്നും വരണ്ട എന്നു വിചാരിച്ച് നാമതു ചെയ്യുന്നു. ഒന്നോർത്തു നോക്കുക. നിന്റെ വിശ്വാസം നീ ആരിലാണ് വച്ചിരിക്കുന്നത്. സർവ്വശക്തനും, സർവ്വാധിപതിയും സകലവും അറിയുന്നവനുമായ ദൈവത്തിലാണോ, അതോ അന്ധകാരത്തിന്റെ ശക്തികളിലാണോ "നിന്നെ പേർ ചൊല്ലി വിളിച്ച് ഉള്ളംകൈയിൽ കാത്തു പരിപാലിക്കുന്ന (യെശ. 49:16) ഒരു പിതാവ് നിനക്ക് സ്വർഗ്ഗത്തിലുണ്ടെന്ന് നീ വിശ്വസിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ നീ എന്തിന് രാഹുവിനെ ഭയപ്പെടണം. സങ്കീ.121: 6-8 വാക്യങ്ങളിൽ പറയുന്നു.

പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല. യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും. നിന്റെ ഗമനത്തേയും ആഗമനത്തേയും ഇന്നു മുതൽ എന്നേക്കും പരിപാലിക്കും.

നിന്റെ പോക്കുവരവുകളെപറ്റിയും നിന്റെ എല്ലാ പ്രവർത്തനങ്ങളേയും അറിയുന്ന സർവ്വശക്തൻആകാശത്തേയും ഭൂമിയേയും ഉണ്ടാക്കിയ യഹോവ നിന്നോടുകൂടെയുള്ളപ്പോൾ നീ എന്തിനു ഭയപ്പെടുന്നു? മയങ്ങുകയോ ഉറങ്ങുകയോ ചെയ്യാത്ത യിസ്രായേലിന്റെ പരിപാലകൻ നിന്റെ വലത്തുഭാഗത്തു തണലായി നിന്നോടുകൂടെ ഉണ്ട്. വിശ്വസിക്കുക, ഒരു ദോഷവും തട്ടാതവണ്ണം കർത്താവ് നിന്നെ കാത്തു പരിപാലിക്കും. പൂർണ്ണമായും കർത്താവിൽ വിശ്വാസമർപ്പിക്കുക. രാഹുവിനെയും കേതുവിനെയും ആകാശത്തിലെ സകല നക്ഷത്രങ്ങളെയും കാലങ്ങളെയും സമയങ്ങളെയും സൃഷ്ടിച്ച ദൈവത്തിൽ, ഈ പ്രപഞ്ചശക്തികൾക്കെല്ലാം അതീതമായി പ്രവർത്തിക്കുന്ന സർവ്വശക്തനിൽ നിന്റെ പ്രത്യാശ സമർപ്പിച്ച് ജീവിക്കുക, നിനക്ക് ഒന്നിനേയും ഭയക്കേണ്ട ആവശ്യമില്ല.

രാഹുകാലം നോക്കുന്നതു പോലെതന്നെ നമ്മുടെ ഇടയിൽ നടന്നു വരുന്ന മറ്റൊരു തിന്മയാണ് കൈനോക്കിക്കുക, ലക്ഷണം പറയുക, നക്ഷത്രഫലം നോക്കുക മുതലായവ. ഭാവിയെപ്പറ്റി നാമൊക്കെ ഉത്ക്കണ്ഠാകുലരാണ്. നാളെ എനിക്ക് എന്തു സംഭവിക്കും, എന്റെ മക്കൾ ഏതു നിലയിലാകും, അവർക്കു വേണ്ടി കരുതണം, അതിന്റെയിടയിൽ വീടുണ്ടാക്കണം, സ്റ്റാറ്റസിനൊത്ത വാഹനം വേണം എന്നിങ്ങനെ ഭാവിയെപ്പറ്റി ആകുലപ്പെട്ടു കൊണ്ട് നാളേയ്ക്കുവേണ്ടി കരുതിവയ്ക്കുവാനായി തിരക്കു പിടിച്ച് ഓടുന്ന ഒരു സമൂഹത്തിലാണ് നാമിന്ന് ജീവിക്കുന്നത്. യുദ്ധങ്ങളും ഭീഷണികളും ഒക്കെ കണ്ടുകൊണ്ട് ഇതിന്റെ അന്ത്യം എങ്ങനെയാകും എന്നോർത്ത് നാം ഭയപ്പെടുന്നു.

ഇപ്രകാരം ആകുലപ്പെട്ടു ജീവിക്കുന്ന സമൂഹത്തെ നോക്കി നാളേയ്ക്കായി വിചാരപ്പെടരുത് എന്ന് ഉത്ബോധിപ്പിച്ചുകൊണ്ട് യേശു തന്റെ പർവ്വതപ്രസംഗത്തിൽ ചില കാര്യങ്ങൾ നമ്മോട് പറയുന്നുണ്ട്. വി. മത്തായി 6:25-34 വരെയുള്ള വാക്യങ്ങൾ വായിക്കുക. ഇവിടെ കർത്താവ് നമ്മോട് 5 ചോദ്യങ്ങൾ ചോദിക്കുന്നു.

1. ആഹാരത്തെക്കാൾ ജീവനുംഉടുപ്പിനെക്കാൾ ശരീരവും വലുതല്ലയോ.

2. ആകാശത്തിലെ പറവകളെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലയോ.

പഴയകാലം മുതൽതന്നെ കല്യാണത്തിനു പുറപ്പെടുമ്പോഴും അതുപോലെ മറ്റു പല പ്രധാനപ്പെട്ട കാര്യങ്ങൾക്കും ഇറങ്ങുമ്പോഴും ഒക്കെ 98% ക്രിസ്ത്യാനികളും രാഹുകാലത്തിനു മുൻപോ പിൻപോ പുറപ്പെടണം എന്നു നിഷ്കർഷിക്കുന്നവരാണ്. ശരിയല്ല എന്നറിഞ്ഞിട്ടും നാമത് ചെയ്യുന്നു.

നാളേയ്ക്കായി ഒന്നും കരുതി വയ്ക്കാത്ത ആകാശത്തിലെ പറവകളെ കർത്താവ് പോറ്റി പുലർത്തുന്നുവെങ്കിൽ അവയെക്കാളും വിശേഷതയുള്ളവരായ നമ്മെ തന്റെ സ്വന്ത സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച നമ്മെ കരുതുകയില്ലേ.

3. വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും

പക്ഷേ വേദപുസ്തകം പറയുന്നു: നിന്റെ ഭാരം യഹോവയുടെ മേൽ വച്ചു കൊൾക, അവൻ നിന്നെ പുലർത്തും (സങ്കീ. 55:22) നിനക്കു ഭവിച്ചതും ഭവിക്കാനിരിക്കുന്നതുമായ എല്ലാ ആധികളും വ്യാധികളും ഉൽക്കണ്ഠകളും യേശുവിന്റെ പാദത്തിങ്കൽ പൂർണ്ണമായി ഒന്നു സമർപ്പിക്കുക. അത്ഭുതങ്ങൾ ദർശിക്കുവാൻ സാധിക്കും.

4. ഉടുപ്പിനെ കുറിച്ച് വിചാരപ്പെടുന്നത് എന്ത്?

ഇവിടെ കർത്താവ് വയലിലെ താമരയെ ഉദാഹരണപ്പെടുത്തിപ്പറയുന്നു. സർവ്വവിധമായ ജ്ഞാനത്താലും സമ്പത്തിനാലും അനുഗൃഹീതനായ ശലോമോൻ പോലും ഈ താമരയോളം അലംകൃതനായിരുന്നില്ല എന്ന് കർത്താവ് പറയുന്നു. ആരുടെയും പരിഗണന ലഭിക്കാത്ത ഈ താമരയെ പോറ്റിപ്പുലർത്തുന്ന കർത്താവ് തന്റെ സ്വന്ത ജനമായ നമ്മെ എത്രമാത്രം പരിപാലിക്കും!.

5. ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ കർത്താവ് ഇങ്ങനെ ചമയിക്കുന്നുവെങ്കിൽ അല്പവിശ്വാസികളേ നിങ്ങളെ എത്ര അധികം. അതിനാൽ എന്തു തിന്നുമെന്നോ, കുടിക്കുമെന്നോ ഉള്ള ലോകപരമായ ചിന്തകളാൽ ആകുലപ്പെടേണ്ട എന്ന് യേശു പറയുന്നു.

ഈ ലോകത്തിൽ അന്ധകാരശക്തികളെപ്പോലെ തന്നെ പ്രപഞ്ചശക്തികളുമുണ്ടെന്നുള്ളതിന് ധാരാളം തെളിവുകൾ വേദപുസ്തകത്തിൽ പറയുന്നുണ്ട്. ആവ. 13:13 – നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത ദൈവങ്ങളെ ചെന്നു സേവിക്കണമെന്നു പറയുന്ന നീചന്മാർ.....

ലേവ്യ. 19:31, ലേവ്യ 20:27, യെശ. 44:25, യെശ. 8:19 മുതലായ വാക്യങ്ങൾ വായിക്കുക.

ഗലാ. 4:9-11 ൽ മാസങ്ങളും കാലങ്ങളും ആണ്ടുകളും ആചരിക്കുന്നു എന്നും വ്യർത്ഥങ്ങളായ ഈ പ്രപഞ്ചശക്തികളുടെ അടുക്കലേക്കു പോകരുതെന്നും പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു.

നക്ഷത്രങ്ങളും ഗ്രഹങ്ങളും അതുപോലുള്ള പ്രപഞ്ച ശക്തികൾക്ക് നമ്മുടെ ജീവിതത്തെ സ്വാധീനിക്കാൻ കഴിയുന്നു എന്ന് ചിന്തിച്ച ഇവയെ ആശ്രയിച്ച് ജീവിതം ദുഃഖപൂർണ്ണമോ വിജയകരമോ ആയിത്തീരുന്നുവെന്ന് കരുതുന്നത് തെറ്റാണ്. ഈ വിശ്വാസമാണ് നമ്മെ ഗ്രഹനില നോക്കുവാനും പത്രങ്ങളിലും മാസികകളിലും നക്ഷത്രഫലം, വാരഫലം മുതലായവ വായിക്കുവാനും ടിവിയിലും മറ്റുമുള്ള ഗ്രഹനില പ്രവചനങ്ങൾ ശ്രവിക്കുവാനും പ്രേരിപ്പിക്കുന്നത്. യുദ്ധഭീഷണിയെ തുടർന്ന് പ്രവചന പുസ്തകങ്ങൾക്ക് വൻപിച്ച ഡിമാന്റ് ഉണ്ടായതായി ഈയിടെ വായിക്കുവാനിടയായി.

ആരാണ് ഈ ലോകത്തെ നിയന്ത്രിക്കുന്നത്. പ്രപഞ്ചശക്തികളോ, അതോ അവയുടെയെല്ലാം സ്രഷ്ടാവായ ദൈവമോ? കർത്താവിന് നിയന്ത്രണമില്ലാത്ത ഏതെങ്കിലും ഒരു ശക്തിയുണ്ടോ? കാലങ്ങൾക്കും സമയങ്ങൾക്കും അതീതമായി പ്രവർത്തിക്കുന്നവനാണ് കർത്താവ് എന്ന് ദാനി. 2:21-ൽ പറയുന്നു.

യിര. 29:11-ൽ പറയുന്നു: നമുക്ക് ശുഭഭാവി വരുവാൻ തക്കവണ്ണം കർത്താവിന്റെ പദ്ധതികൾ നമ്മുടെ നന്മയ്ക്കായുള്ള പദ്ധതിയാണ് അല്ലാതെ തിന്മയ്ക്കായുള്ളതല്ല എന്ന്. അതുകൊണ്ട് ഈ ലോകത്തിൽ എന്തു ഭവിച്ചെന്നാൽത്തന്നെയും എല്ലാം നന്മയ്ക്കായി തീർക്കുവാൻ സാധിക്കുന്ന ദിവ്യരക്ഷകനിൽ അഭയം കണ്ടെത്തുക. അല്ലാതെ മറ്റ് യാതൊരുവിധ ശക്തികൾക്കും അടിമപ്പെടരുത്. രാഹുനോക്കുക, കൈനോക്കുക, ലക്ഷണം പറയുക, നക്ഷത്രഫലം വായിക്കുക, ഗ്രഹനില നോക്കുക, നല്ല ദിവസം നോക്കുക, പ്രവചനങ്ങളിൽ വിശ്വസിക്കുക, മഷിനോട്ടം, ജാതകമെഴുത്ത്, പൊരുത്തം നോക്കുക, കൂടോത്രം, ആഭിചാരം, മന്ത്രവാദം, ക്ഷുദ്രം, കൈവിഷം മുതലായ എല്ലാ അന്ധവിശ്വാസങ്ങളിൽ നിന്നും ഒരു ക്രിസ്ത്യാനി പൂർണ്ണമായും ഒഴിഞ്ഞിരിക്കേണ്ടതാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ


## പരുമല സ്മൃതി

**വരിക്കാർക്കു സൗജന്യമായി.....**

പരുമലസ്മൃതിയുടെ പ്രി-പബ്ലിക്കേഷൻ തുകയായ 150 രൂപാ വീതം പത്തു പേരുടെ കൈയ്യിൽ നിന്നും വാങ്ങി താഴെ തന്നിരിക്കുന്ന ഫോം പൂരിപ്പിച്ച് ഫെബ്രുവരി 28-നകം അയച്ചു തരിക.

*ഒരു കോപ്പി നിങ്ങൾക്ക് തികച്ചും സൗജന്യം.*

To
The Managing Editor
Malankara Sabha, Devalokam-686038

പത്തു പേരുടെ പരുമലസ്മൃതി പ്രി പബ്ലിക്കേഷൻ തുകയായ Rs. 1500/- ഇതോടൊപ്പം M.O./D.D. ആയി അയയ്ക്കുന്നു. എന്റെ അഡ്രസ്സ്:

Reg. No...............Ph:..........................
Name:..................................................
Address:..............................................
..................................Pincode............

| Address-1 | Address-2 |
| --- | --- |
| .................................... | .................................... |
| .................................... | .................................... |
| .................................... | .................................... |
| ...............Pin............... | ...............Pin............... |

| Address-3 | Address-4 |
| --- | --- |
| .................................... | .................................... |
| .................................... | .................................... |
| .................................... | .................................... |
| ...............Pin............... | ...............Pin............... |

| Address-5 | Address-6 |
| --- | --- |
| .................................... | .................................... |
| .................................... | .................................... |
| .................................... | .................................... |
| ...............Pin............... | ...............Pin............... |

| Address-7 | Address-8 |
| --- | --- |
| .................................... | .................................... |
| .................................... | .................................... |
| .................................... | .................................... |
| ...............Pin............... | ...............Pin............... |

| Address-9 | Address-10 |
| --- | --- |
| .................................... | .................................... |
| .................................... | .................................... |
| .................................... | .................................... |
| ...............Pin............... | ...............Pin............... |

വാർത്തകൾ മലങ്കരസഭ വാർത്തകൾ

# കണ്ടനാട് ഭദ്രാസന രൂപീകരണത്തിന്റെ 125–ാം വാർഷികം

**മീമ്പാറ:** സമൂഹത്തിൽ അവശത അനുഭവിക്കുന്നവരും നിരാലംബരുമായ രോഗികൾക്കുവേണ്ടി കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയോടനുബന്ധിച്ചു കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതലയിൽ ഗുഡ് സാമരിറ്റൻ ഗൈഡൻസ് സെന്റർ ആരംഭിക്കുന്നു എന്ന് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ അറിയിച്ചു.

മലങ്കര ഓർത്തഡോക്സ് സഭ കണ്ടനാട് ഭദ്രാസന രൂപീകരണത്തിന്റെ 125–ാം വാർഷീകത്തോടനുബന്ധിച്ച് പള്ളി പ്രതിപുരുഷന്മാരുടേയും, മാനേജിംഗ് കമ്മിറ്റിയംഗങ്ങളുടേയും, ഭദ്രാസന കൗൺസിൽ അംഗങ്ങളുടേയും, വൈദികരുടേയും, ആദ്ധ്യാത്മീക സംഘടനഭാരവാഹികളുടേയും സംയുക്ത യോഗത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു മെത്രാപ്പോലീത്ത.

കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായും മലങ്കര സഭയുടെ ഒന്നാം കാതോലിക്കായുമായ ബസ്സേലിയോസ് പൗലോസ് പ്രഥമൻ ബാവാ (മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ്), നാലാം കാതോലിക്ക ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ (ഔഗേൻ തീമോത്തിയോസ്), ജോസഫ് മാർ പക്കോമിയോസ്, എന്നീ തിരുമേനിമാരുടെ സ്മരണ ശാശ്വതീകരിക്കുന്നതിനുവേണ്ടി പിറവം മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ നിർമ്മിക്കുന്ന സ്മാരക സമുച്ചയത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ജൂബിലി ആഘോഷങ്ങൾക്ക് ആരംഭം കുറിക്കുമെന്ന് ഭദ്രാസന സെക്രട്ടറി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് അറിയിച്ചു. 2002 ഫെബ്രുവരി 10–ാം തീയതി ഞായറാഴ്ച പിറവത്ത് മാർ ബസ്സേലിയോസ് നഗറിൽ കൂടുന്ന പൊതുസമ്മേളനത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ പരമാദ്ധ്യക്ഷൻ പ. കാതോലിക്കാ ബാവാ തിരുമേനി ഉദ്ഘാടനം നിർവ്വഹിക്കും.

ജൂബിലി ആഘോഷങ്ങളുടെ നടത്തിപ്പിനായി ഫാ. ഏബ്രഹാം വാലയിൽ, ഫാ. ഒ. പി. വറുഗീസ്, ഫാ. ഏബ്രഹാം പാലപ്പിള്ളിൽ, ഫാ. വി.എം. പൗലോസ്, ഫാ. സ്ക്കറിയാ പി ചാക്കോ പുളിയ്ക്കാശ്ശേരി, ഫാ. പി.യു. കുര്യാക്കോസ്, ശ്രീ. പി.എം. പൈലിപ്പിള്ള, ശ്രീ. എ.സി. ഐപ്പ്, ശ്രീ. കെ. പി. ഏബ്രഹാം, ശ്രീ . സാജു മടക്കാലിൽ തുടങ്ങിയവർ കൺവീനർമാരായി വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

## ശിലാസ്ഥാപനം

പിരളശ്ശേരി സെന്റ് ജോർജ്ജ് കാതോലിക്കേറ്റ് സിംഹാസനപള്ളിയുടെ ശിലാസ്ഥാപന കർമ്മം പ. കാതോലിക്കാ ബാവാ തിരുമേനി നിർവഹിച്ചു. പഴയ പള്ളിയുടെ സ്ഥാനത്ത് എല്ലാ സൗകര്യങ്ങളോടും കൂടി പുതിയപള്ളി പണിയുവാനാണ് ഉദ്ദേശിക്കുന്നത്.


## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

